Santhanagopala Kavyam

Lakshmy Rajni of Kadathanad

സന്താനഗോപാലകാവ്യം

ലക്ഷ്മീരാജ്ഞ്യാ വിരചിതം

111

ലക്ഷ്മീരാജ്ഞിയും മറ്റ് കവയിത്രിമാരും ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

ഉള്ളടക്കം

1. സന്താനഗോപാലകാവ്യം
2. ഗംഗാദേവി
3. ജയന്തി (വൈജയന്തി)
4. മധുരവാണി
5. രാമഭദ്രാംബ
6. തിരുമലാംബ

ചില വംശാവലികൾ ചേർത്തിരിക്കുന്നു.

സന്താനഗോപാലകാവ്യം

ഇന്ത്യ ഓഫീസ് ലൈബ്രറി മാനുസ്ക്രിപ്റ്റ് (8158) ദേവനാഗരിലിപി 35 പേജ് ഓരോ പേജിലും 16 വരി വീതം.

ആമുഖം

വടക്കെ മലബാറിലെ കടത്തനാട്ട് രാജകുടുംബ ത്തിലെ എടവലത്ത് ശാഖയിലെ അംഗമാണ് കാവ്യകർത്താവായ ലക്ഷ്മീരാജ്ഞി. ഇതല്ലാതെ അവരുടേതായി മറ്റ് കൃതികളൊന്നും കണ്ടുകിട്ടി യിട്ടില്ല.എന്നാണ് കാണുന്നത്. എന്നാൽ ഭാഗവതം പൂർണ്ണമായി എഴുതിയിട്ടുണ്ട്. അത് പ്രസിദ്ധീക രിച്ചിട്ടില്ല. ഈ കൃതിയും അവസാനഭാഗം ഇല്ല. രോഗബാധിതയായിരുന്നിട്ടും രവിവർമ്മരാജ കുമാരനോടുള്ള സ്നേഹാധിക്യത്താൽ രാജകു മാരനു വേണ്ടി എഴുതിയ കൃതിയാണ്. കാവ്യാ വസാനം ഇത് പറയുന്നുണ്ട്. (ആ ഭാഗം ഇല്ല)

പോർളാതിരി രാജവംശത്തിലെ ഒരു സ്ത്രീയെ കടത്തനാട്ട് രാജാവ് വിവാഹം കഴിച്ചതിലുണ്ടാ യ സന്തതികൾ കുറ്റിപ്പുറം കോവിലകത്ത് താമ

സിച്ചിരുന്നു. ഇവരുടെ ആദ്യതലസ്ഥാനം വരക്കൽ ആയിരുന്നു. പരശുരാമന്റെ മഴു കൊണ്ട് വരച്ച വരകളുള്ളതാണ് ഈ സ്ഥലം ഇവിടെ അതിപ്രാചീനമായ ഗുഹകളുടെ മേലെയാണ് ദേവീക്ഷേത്രം. വാവുബലിക്ക് പ്രസിദ്ധമായിരുന്നു. ഇവിടെനിന്ന് പോയി വടകരഭാഗത്ത് കുറ്റിപ്പുറം കോവിലകത്ത് താമസമാക്കിയ ശാഖ പിന്നീട് 4 ആയി. അതിലൊന്നാണ് എടവലത്ത് കോവിലകം. ലക്ഷ്മീരാജ്ഞിയുടെ ജനനം എഡി 1845. മരണം 1909ൽ 64 വയസ്സിലാണ്. പുന്നശ്ശേരി നമ്പിയുടെ വിജ്ഞാനചിന്താമണിയിൽ ഇവർ കവിതകൾ എഴുതിയിരുന്നു. ഇവ ശേഖരിച്ചിട്ടില്ല.

3 അദ്ധ്യായമുള്ള സന്താനഗോപാലകാവ്യം ആദ്യത്തേതിൽ 43, രണ്ടാമത്തേതിൽ 37, മൂന്നാമത്തേതിൽ 50 വീതം പദ്യങ്ങളോടെ ആകെ 130 പദ്യമുള്ള കാവ്യമാണ്. (ഇവിടെ 129 വരെ മാത്രമേ ഉള്ളു) കഥ ഭാഗവതപുരാണ ത്തിലെ പ്രസിദ്ധകഥ തന്നെ. ആദ്യാദ്ധ്യായത്തിൽ ശുദ്ധനായ ഒരു ബ്രാഹ്മണന്റെ കദനകഥ പറയു ന്നു. ഒന്നിനു പിറകെ ഒന്നായി മക്കളെ നഷ്ടപ്പെട്ട അദ്ദേഹം ദ്വാരകയിലെത്തി കൃഷ്ണനെ കണ്ട് മക്കളെ രക്ഷിക്കണമെന്ന് അപേക്ഷിച്ചു. കൃഷ്ണൻ മറുപടിയൊന്നും പറഞ്ഞില്ല. തനിക്ക് 9ആം

മകനും നഷ്ടമായപ്പോൾ, വീണ്ടും ദ്വാരകയിലെ ത്തിയ ബ്രാഹ്മണൻ കൃഷ്ണന്റെ മൌനം കാരണം വിഷണ്ണനായി. അപ്പോഴവിടെ ഉണ്ടായിരുന്ന അർജ്ജുനൻ ഇതു കണ്ട് മനസ്സലിഞ്ഞ് 10ആ മത്തെ കുട്ടിയെ താൻ രക്ഷിക്കാമെന്ന് പ്രതിജ്ഞ ചെയ്തു. അതിനുള്ള കഴിവ് അർജ്ജുനനുണ്ടോ എന്ന് ബ്രാഹ്മണൻ ശങ്കിച്ചു. അർജ്ജുനൻ തന്റെ പഴയ വീരകൃത്യമെല്ലാം പറഞ്ഞുകൊടുത്ത്, അവസാനം അഥവാ തനിക്ക് ആ കുട്ടിയെ രക്ഷി ക്കാനായില്ലെങ്കിൽ താൻ സ്വയം അഗ്നിയിൽ ചാടി മരിക്കുമെന്നു കൂടി സത്യം ചെയ്തു. 10ആം പ്രസവം അടുത്തപ്പോൾ രക്ഷക്കായി എല്ലാ ഏർപ്പാടും ചെയ്തു. ബ്രാഹ്മണന്റെ വീടിനു ചുറ്റും ശരം കൊണ്ട് കോട്ടപോലെ ഉണ്ടാക്കി. അർജ്ജുനൻ ആയുധവുമായി കാവലും നിന്നു. എന്നിട്ടും പ്രസവിച്ച കുട്ടി മരിച്ചുപോയി. ദുഃഖിതനായ ബ്രാഹ്മണൻ അർജ്ജുനനെ അധിക്ഷേപിച്ച് സംസാരിച്ചു. അർജ്ജുനൻ യമന്റെ പുരിയിൽപോലും ചെന്ന് അന്വേഷിച്ചിട്ടും കുട്ടികളെ കണ്ടില്ല. ചിത കൂട്ടി സ്വയം ദഹിക്കാനായി ഒരുങ്ങുമ്പോൾ കൃഷ്ണൻ വന്നു. കൃഷ്ണൻ താൻ ബ്രാഹ്മണന്റെ കുട്ടികളെ വീണ്ടെടുക്കാൻ സഹായിക്കാമെന്ന് വാഗ്ദാനം െചെയ്തു. അർജ്ജുനന്റെ പ്രാണരക്ഷ ചെയ്തു.

രണ്ടാമത്തെ അദ്ധ്യായത്തിൽ കൃഷ്ണനും അർജ്ജുനനും ഹരിയുടെ ലോകത്തിലേക്ക് പോകുന്നതാണ്. അവർ ലോകാലോകപർവ്വതം കടന്ന് വൈകുണ്ഠത്തിലെത്തി. ഹരി അവരോട് എന്തിനാണ് വന്നതെന്ന് ചോദിച്ചപ്പോൾ കൃഷ്ണൻ ഉണ്ടായ സംഭവമെല്ലാം പറഞ്ഞു. തന്റെ ലോകം സന്ദർശിച്ച അവർ സകലപാപമുക്തി നേടിയതായും അവരുടെ ആഗ്രഹം നടക്കുമെന്നും പറഞ്ഞു. ബ്രാഹ്മണന്റെ കുട്ടികളെ കൊടുത്തയച്ചു.

മൂന്നാം അദ്ധ്യായം ബ്രാഹ്മണനും ഭാര്യയും അനുഭവിച്ച സീമാതീതമായ സന്തോഷത്തോടെ ആരംഭിക്കുന്നു. ഒന്നല്ല, എല്ലാ കുട്ടികളും അവർക്ക് തിരിച്ച് കിട്ടി. അവർ അർജ്ജുനനെ അനുഗ്രഹിക്കയും കൃഷ്ണനെ സ്തുതിക്കയും ചെയ്തു. അതോടെ മൂന്നാം അദ്ധ്യായം തീരുന്നു.

രവിവർമ്മരാജകുമാരനെ പുരാണകഥ പഠിപ്പിക്കാനായി വിഷ്ണു, കൃഷ്ണസ്തുതിരൂപമായി രചിച്ചതിനാൽ ഇത് പുരാണകാവ്യമാണ്. കവി പറയുന്നത് കൃഷ്ണനും അർജ്ജുനനും കുരുക്ഷേത്രയുദ്ധത്തിൽ നിരവധി പേരുടെ മരണത്തിനിടയാക്കിയ പാപം പേറുന്നുണ്ടായിരുന്നു. വിജയത്തിലുള്ള സന്തോഷം അർജ്ജുനനിൽ അഹങ്കാരദോഷവും ഉണ്ടാക്കിയിരുന്നു. അതിനാലാണ്

വിഷ്ണുവിന്റെ വൈകുണ്ഠലോകത്തിൽ പ്രവേശിപ്പിച്ച് പാപം നീക്കാനുള്ള അവസരം വിഷ്ണു ഉണ്ടാക്കിയത്. ലോകാലോകഗിരി, ആദിശേഷതൽപ്പത്തിൽ ശയിക്കുന്ന വിഷ്ണു, കൃഷ്ണനോടും വിഷ്ണുവിനോടുമുള്ള സ്തവങ്ങൾ, ബ്രാഹ്മണന്റെ കൃഷ്ണസ്തുതി ഇവയെല്ലാം വളരെ കാവ്യാത്മകമാണ്.

ലളിതവും മധുരവുമായ ശൈലിയാണ്. ആദ്യത്തെ 2 അദ്ധ്യായത്തിലും ആലങ്കാരികമോ വ്യാകരണപരമോ ആയ പ്രദർശനങ്ങളില്ല. മൂന്നാമത്തേതിൽ മാത്രമ നിറയെ യമകങ്ങളുണ്ട്. പൌരാണികകഥകളിൽ കവിക്കുള്ള വുൽപ്പത്തി കാവ്യത്തിൽനിന്ന് വ്യക്തമാണ്. ഇതിഹാസപുരാണങ്ങളെ ഈ ചെറിയ കാവ്യത്തിൽ പലതവണ അവർ പരാമർശിച്ചിട്ടുണ്ട്. വസന്തതിലകം, മാലിനി, ഉപേന്ദ്രവജ്ര, ഉപജാതി, പുഷ്പിതാഗ്ര, ദ്രുതവിളംബിതം, ശാർദ്ദൂലവിക്രീഡിതം, രചന.

സന്താനഗോപാലകാവ്യം

പ്രഥമസർഗ്ഗം

1 ആസീശ്ച്രിയാ വിജിതനിർജ്ജരരാജപുണ്യാം
കശ്ചിത് പുരാ ദ്വിജവരഃ കില കൃഷ്ണപുര്യാം
സോയം സ്വധർമ്മനിരതഃസഹ ധർമ്മപത്ന്യാ
രേമേ സുഖം ഹരിപദാംബുജദത്തചിത്തഃ

2. കാലേന കശ്ചന സുതോപി ച തസ്യ ജാതഃ
കാലസ്യ ഹന്ത വശതാ സ തദൈവ യാതഃ
ആദായ തന്മൃതശരീരമുപേത്യശൌരീം
ശോകാതുരോ ബഹുതരം വിലാപ വിപ്രഃ

3 ഹാഹാഹരേ ജഗദധീശ കൃപാംബുരാശേ
പാദാരവിന്ദവിനതാവനലോലുപാത്മൻ
പാപാത്മനോ മമ സുതോയമഭൂത് ഗതാസുഃ
ശ്രീവാസുദേവ സദയ പരിപാലയൈനം

4. രാമാദയോ യദുവരാശ്ച മദീയചിത്ത-
താപാപനോദനകൃതേ കുരുത പ്രസാദം
ലോകോത്ര ദുഷ്കരമഹോ ഊവതാ ന കിഞ്ചിദ്
ദേവാശ്ച സംപ്രതി നിദേശകൃതോ യതോ വഃ

5 ഇത്യാദി തസ്യ രുദിതം നിശമയ്യ സർവ്വേ
കൃഷ്ണാദയോപി ച തദാ യദുവംശമുഖ്യാഃ
തൂർണ്ണീം സ്ഥിതാഃ കില ജനേ വിപരീതദൈവേ
നൂനം ഭവന്തി ബത സാധുജനാശ്ച വാമാഃ

6. ദൃഷ്ട്വാ തു ശിഷ്ടപരിപാലനനഷ്ടഭാവാൻ
രുഷ്ടോ പുനരപ്യവനീസുരേന്ദ്രഃ
കഷ്ടം പ്രജാ മമ ച സംപ്രതി ശിഷ്ടമാർഗ്ഗ- ജുഷ്ടസ്യ
ധൃഷ്ടന-പഘോഷ്ട്യവശാത് പ്രനഷ്ടാഃ

7 ക്ലിശ്യന്തി യത് മൃതധനാദിവിനാശഹേതോ
പൃഥ്വി, ശിഖരിണി മുതലായ വൃത്തങ്ങളിലാണ്
- ർവിപ്രാദയോപി ച പരം ഭുവി വൃത്തവന്തഃ

തസ്യാത്ര പത്യുരവിവേകഭവം ധരിത്ര്യാ
ദൌരാത്മ്യമേവ ഹി നിദാനമുദാഹരന്തി

8 സാധാരണോ ന ജഗതീതി ഭവത്പ്രഭാവഃ
സർവ്വേര്യദുച്യത ഇഹാച്യുത സത്യമേതത്
യസ്മാത് സ്വപക്ഷജനദർശിതപക്ഷപാതഃ
സംദൃശ്യതേ തദിതരേഷു ന സാദൃശേഷു

9 പുത്രം പുരാ യമപുരാത് സ്വഗുരോഃപ്രനഷ്ടം
ഹൃത്വാപി കൃഷ്ണ കലിതാ കില ദക്ഷിണാസ്യ
ആഹൃത്യ കംസനിഹതാനപി ഷട് കുമാരാൻ
മാതുഃ പ്രദർശ തരസാപഹൃതോ വിഷാദഃ

(സാന്ദീപനിക്ക് ദക്ഷിണ കൊടുക്കാനായി ബല രാമനും കൃഷ്ണനും സമുദ്രം അപഹരിച്ച അദ്ദേ ഹത്തിന്റെ മകനെ തിരഞ്ഞുപോയി. സമുദ്രം അവനെ പഞ്ചജനനെന്ന അസുരനാണ് അപ ഹരിച്ചതെന്ന് പറഞ്ഞു. പഞ്ചജനനെ വധിച്ച്, ഗുരുപുത്രനെ തിരിച്ചുകൊടുത്തു. പാഞ്ചജന്യം എന്ന ശംഖും ലഭിച്ചു. കംസൻ വധിച്ച 6 ജ്യേഷ്ഠ ന്മാരെ അമ്മക്ക് കാണിച്ചുകൊടുത്തു. അവർ പാതാളത്തിൽ ബലിയുടെ കൂടെയായിരുന്നു. പഴയ ജന്മത്തിൽ മരീചിക്ക് ഊർണ്ണയിലുണ്ടായ ഈ പുത്രന്മാർ ബ്രഹ്മശാപം കൊണ്ട് ഹിരണ്യ കശിപുവിന്റെ മക്കളായി ജനിച്ചു. പിന്നീട് ദേവ കീപുത്രന്മാരായും ജനിച്ചു. ഈ രണ്ട് കഥകളും ഇവിടെ സൂചിപ്പിക്കുന്നു).

10 പൈതാമഹാസ്ത്രനിഹതം ഗുരുനന്ദനസ്യ
പാർത്ഥാത്മജാത്മജമഥാപി ച ഗർഭസംസ്ഥം
ചക്രായുധനേ ഭവതാ പരിരക്ഷ്യ സമ്യഗ്
വ്യക്തീകൃതൈവ നിജമിത്രജനേഷു മൈത്രീ

11. കിം ചാത്ര ഷോഡശസഹസ്രമിത മഹിഷ്യഃ
സംപ്രാപ്തപുത്രദശകാ ഭവതോ ഹി സർവ്വാഃ
കിം വാ വചോഭിരധികൈരഖിലം തദേവ-
ദാത്മം ഭരിത്വമഹിമാധികജൃംഭിതം തേ

(അശ്വത്ഥാമാവിന്റെ ബ്രഹ്മാസ്ത്രത്തിൽനിന്ന്
അഭിമന്യുവിന്റെ ഉത്തരാഗർഭത്തിലിരിക്കുന്ന
പുത്രനെ ചക്രായുധം കൊണ്ട് രക്ഷിച്ച കഥ പറ
യുന്നു. 16000 ഭാര്യമാരിൽ ഓരോരുത്തരിലും 10
വീതം പുത്രരെ കൊടുത്ത കഥയും സൂചിപ്പിക്കു
ന്നു)

12. ഏവം വിലപ്യ സുചിരം യദുപുംഗവാനാ
ഭാവം നിരീക്ഷ്യ ച തദാ വിഗതാനുകൂല്യം
സോയം ദ്വിജോ നിജഗൃഹം പ്രതി സന്നിവൃത്തഃ
ശോകം നിയമ്യ ദയിതാസഹിതോ ന്യവാത്സീത്

13 ഭൂയോപി ഭൂസുരവരഃ ക്രമശോ വിനഷ്ടാ-
നഷ്ടൌ തഥൈവ തനയാനപി കൃഷ്ണപാർശ്വം
നീത്വാ പുരേവ സ ശുചാ വിലപൻ പുനശ്ച
പ്രസ്ഥായ ദുഃസ്ഥഹൃദയഃ സ്വഗൃഹേവതസ്ഥേ

14 അത്രാന്തരേ സ്വജനകർമ്മണി യാദവാനാം
പ്രീത്യൈ സമേത്യന്നമരേന്ദ്രപുത്രഃ ശ്രുത്വാ
സുതേസ്യ നവമേപി മൃതേ വിലാപം
വിപ്രസ്യ നിഃസഹമനാ വചനം ബഭാഷേ

15 ഭൂപഃ കിമത്ര ന ഹി ഭൂസുരരക്ഷണായ
യാഗപ്രസക്തഹൃദയാ യദവോ ദ്വിജാഃകിം
തേപി സ്വമന്തി ബത ഭസ്ത്ര്യുപമം മഹീശാ
യേ സന്ത്യജന്ത്യമു ഗണാൻ ന മഹീസുരാർത്ഥേ

16 ശോകം ത്യജ ദ്വിജവരൈവമിതഃ പരം തേ
ജാതോ ഭവേദ് യദി സുതഃ സഹസാഹമേനം
നേഷ്യാമി തം യമമപി പ്രസഭം വിജയ
ജഹ്യാ ന ചേത് സധനുരേവ തനും ഹുതാശേ

17 ഇത്ഥം തു തസ്യ വചനം നിശമയ്യ ജിഷ്ണോ-
ർനാത്യന്തതുഷ്ടഹൃദയസ്തമുവാച വിപ്രഃ
കിം വാ ധനഞ്ജയ വിജൽപസി സാംപ്രതം ഹാ
നിർല്ലജ്ജമേവ യദുരാജസഭാന്തരാളേ

18. കൃഷ്ണാദിഭിശ്ച ഭുവനപ്രഥിതപ്രഭാവൈ-
രത്യന്തദുഷ്കരതമേത്ര കഥം പ്രഭുസ്ത്വം
ദന്തീന്ദ്രമസ്തകവിദാരണചണ്ഡശൌര്യാത്
കണ്ഠീരവാൻ സമതിഗഛതി കിം ശൃഗാലഃ

19. ജന്മാന്തരാർജ്ജിതശുഭാശുഭകർമ്മഹേതോഃ
സംജാതമത്ര ഭുവി ജന്മഭുവാം സുഖാദി
കഃപൌരുഷൈരിഹ വിലംഘയിതും ക്ഷമഃ

സ്യാത് കോ വാധ്യ പാർത്ഥ തവ ബാല്യമദാതി രേകഃ

20 ഇത്യൂചുഷോസ്യ വിശയം പരിഹർത്തുമേവ
നിഃശേഷതോ നിജബലം പ്രശംസ പാർത്ഥഃ
മാ മാ കഥാ മയി വൃഥാ പൃഥിവീസുരൈവ
ശങ്കാം സമസ്തജനതാവിനുതാനുഭാവേ

21 കൃഷ്ണോഹമസ്മി ന ച തത്സഹജോ ന രാമഃ
കാർഷ്ണ്യാദയോപി ച തഥാ യദുവംശമുഖ്യാഃ
ജാനീഹി മാ സുരവരാത്മജമാത്മബാഹു-
വീര്യപ്രസാദിത ഗിരീശഗൃഹീതശാസ്ത്രം

22 ഭിത്വാ പുരാ നൃപവരൈരഖിലൈരഭേധ്യം
ലക്ഷ്യം മയാ ഹ്യപഹൃതാ ദ്രുപദേന്ദ്രപുത്രീ
ഗതോത്തരാ ദിശമശേഷമഹീശ്വരാണാം
കൃത്വാപദം ച മുകുടേഷു കരോ ഗൃഹീതഃ

(മഹാഭാരതം സഭാപർവ്വം ദിശം ധനപതേരിഷ്ടാമജയത് പാകശാസനി എന്ന വാക്യം- ഗതോത്തരാ)

23 സീരായുധാദിഭിരതാര്യതമോ നിതാന്തം
യാദോഭിരേഷ ഭയദോപി ച യാദവാബ്ധിഃ
തീർണ്ണാഃ ക്ഷണേന ഹൃദയാകലിതോരുഭദ്രാ-
വക്ഷോജകുംഭയുഗലേന മയാ ക്ഷമേണാ.

24 താതാജ്ഞയാ ദിവമുപേത്യ നിഹത്യ ദൈത്യാ ൻ കൌമാരശക്തിസുഖവിശ്രമദാനശൌണ്ഡം

അദ്യാപി സിദ്ധതരുണീനിവഹൈഃ സമോദം
സംസ്തൂയതേ ചരിതമത്ഭുതമസ്മദീയം

25 വാചാ കിമദ്യ മമ ഭാരതസംഗരേ പ്രാഗ്
ഗാംഗേയമുഖ്യരഥികാനഖിലാൻ വിജിത്യ
ധാത്രീ സമുദ്രരശനാപഹൃതാ തദേത- ന്നാശ്രാവി
ഹന്ത ഭുവി വിശ്രുതമത്ര സർവ്വം.

26 ആശ്വസ്യതാ സ്വഗൃഹമേത്യ മദീയവാഗ്മി-
രാശ്വാശ്യതാ ച ദയിതാ പൃഥിവീസുരേന്ദ്ര
ആസന്നസൂതിസമയാം തു ിവേദയെനാ-
മാപന്നസൂനുഹരണേ വിദിതോസ്തു പാർത്ഥഃ

27 നിഃശങ്കമേവ ഗദിതാ ഗിരമർജ്ജുനസ്യ
വിശ്വസ്യ ചേതസി ഭൃശം സ തു വിപ്രവര്യഃ
സദ്യഃ സമേത്യ സദനം ഗൃഹിണീം ച സമ്യ-
ഗാശ്വാസയൻ കതിപയാനി ദിനാന്യനൈഷീത്

28 കാലേ തു തത്ര ദയിതാം പരിപൂർമ്ണസത്വാ-
മാലോക്യ ഭൂസുരവരേണ ഗൃഹം പ്രണീതഃ
ആഛരാദ്യ തന്നിലയനം വിശിഖൈർമഹാ
സ്ത്രൈഃ പാർത്ഥഃ പ്രസൂതിസമയം പ്രതിപാല്യ
തസ്ഥൌ

29 ജാതേ തദാ യുവതിലോകവിലാപഘോഷൈഃ
സാകം വിഭിധ്യ ശരകൂടമമുക്തദേഹേ യാതേ
ദിവം നിജസുതേ ദ്വിജസത്തമേന
ശോകാതുരേണ ജഗദേ വിജയഃ സരോഷൻ

30 ഹേ ഫാൽഗുനാർജ്ജുന പൃഥാസുത കൃഷ്ണബന്ധോ കുത്രാസി ശക്രസുത വിക്രമവാരിരാശേ അദ്യൈവ സാധു വിദിതോ ഭുജവിക്രമസ്തേ സദ്യോ ഗതഃസതനുരേവ യതഃ ശിശുർമ്മേ

31 സ ത്വം യമാത്മജമരുത്സുതയോഃ സഗർഭ-സ്ത്യക്തഃ കഥം ഭവസി സത്യപരാക്രമാഭ്യാം ഹന്തോർവ്വശീപ്രഥിതശാപബലോദിതം തത് ഷണ്ഡത്വമേവ ഭജസീത്യധുനാപി മന്യേ

32 ഗാണ്ഡാവ ഏഷ തവ ഖാണ്ഡവദാഹലബ്ധോ നാനാരിപുപ്രവരശൌര്യവിമാഥിവീര്യഃ സംസർഗ്ഗതസ്തവ കിമസ്യ ച ഷണ്ഡതേതി മത്വാ നപുംസകതയാപി ച കഥ്യതേസൌ

(ഗാണ്ഡീവത്തിന് പുല്ലിംഗമായും നപുംസകലിംഗമായും പ്രയോഗമുണ്ട്. ഗാണ്ഡീവ ഗാണ്ഡീവൌ പു നപുംസകോ.)

33 ദേഹസ്തവായമധുനാ ദഹനേ ഹുതശ്ചേത് ഖേദം മുകുന്ദസഹജൈവ ഭജേന്നിതാന്തം കൃഷ്ണാ പുനശ്ച പതിഭിച്ചതുരൈശ്ചതുർഭി-ർനിർവ്വാണധീരതിതരാ സുഖിതൈവ സാ സ്യാത്

34 ഇത്യാദി ദുഃസ്സഹവചോവിശിഖൌഘവി ദ്ധോ ദുഃഖാകുലഃ സ ഖലു ശക്രസുതദാനീം

വിദ്യാബലേന നിലയാദവനീസുരസ്യ ാനീ
യയൌ യമപുരീം ഹരിമപ്യദൃഷ്ട്വാ

35 സമ്മാനപൂർവ്വമമുനാ പ്രതിദർശിതേഷു
സമ്മാർഗ്ഗയംസ്തത ഇതോ നിരയേഷു പാർത്ഥഃ
തദ്വത് ക്രമേണ നിലയേഷ്വപി ദിക്പതീനാ
കുത്രാപ്യദൃഷ്ട്വശിശുരേഷ യയൌ വിഷാദം

36 ഭൂയോ വിചിന്ത്യ ബഹുശഃ സ്വയശോവിനാ
ശം ഭൂരിത്രപാപരവശഃ സ ഭൃശം മനസ്വീ ദ്രഷ്ടും
ശശാക ന യതോ നിജബാന്ധവാദ്യാ-സ്ത്യക്തും
തതഃ സ്വതനുമൈഛദയം കൃശാനൌ

37 സന്ദീപ്യ തത്ര ദഹനം ഭൃശമിന്ധനൌഘൈഃ
സച്ചിന്ത്യ ചാപി പുരവൈരിപദാബ്ജമന്തഃ
യാവജ്ജുഹാവ ദഹനേ സ്വതനും ജിഷ്ണു-
സ്താവത് സമേത്യ ഹരിണാഭിദധേ നിരുദ്ധ്യ

38 മാ മാ കുരുഷ്വ കുരുസത്തമ സാഹസം മ-
യ്യസ്മിൻ ഭവത്പ്രിയസഖേപി ച ജീവതീത്ഥം
ഹാ ഹന്ത ഭൂരിതരകീർത്തിനിദാനഭൂതം ദേഹം
വിഹാതുമിഹ കസ്തവ ദുർവ്വിചാരഃ

39 കൃതജ്ഞം മഹീതലമഹോ തവ ഹ്സ്തസം
സ്ഥം സ്വർലോകദുർല്ലഭ ഇഹാദ്യ തു ഭോഗയോ
ഗഃ കൃഷ്ണോസ്മ്യഹം ച ഭവതഃ സതതം
ഹിതൈഷീ ന ജ്ഞായതേ വിജയ സംപ്രതി
ശോകഹേതുഃ

40 കൃച്ഛ്രേ പുരാപി ച പൃഥാസുത തത്ര തത്ര
യദ് യന്മയാ ഹ്യുപകൃതം ഭവതോ ഹിതാർത്ഥേ
വിസ്മൃത്യ തത് സകലമപ്യി മാമനുക്താ
ത്യക്തും കലേവരമഹോ ബത കിം തവാസീത്

41 വാചം നിശമ്യ മധുരാം മധുസൂദനസ്യ ദേവം
ന്യവേദയദമും വിജയഃസശോകം
ജാനന്നപീത്ഥമഖിലം ഖലുസർവ്വവേദിൻ
നൈവം പ്രലോഭയിതുമർഹസി ദാസമേനം

42 രക്ഷിഷ്യതേ ദ്വിജതനൂജ ഇതീരിതേയം
വ്യർത്ഥാഭവത് സപദി ഹന്ത മമ പ്രതിജ്ഞാ
ത്യക്ഷ്യാമി തത്തനുമിമാം ഹതകീർത്തിരഗ്നൌ
തസ്മാത് പ്രസീദ ജഗദീശ്വര ദേഹ്യനുജ്ഞാം

43 ത്യജ വിജയ വിഷാദം സാമ്പ്രതം സർവ്വമേവ
പ്രിയസഖ തരസാ തേ വാഞ്ഛിതം സാധയി
ഷ്യേ ഇതി സുമധുരവാചാ സാന്ത്വയിത്വാ
തമേനം കരതലമവലംബ്യാ പ്രസ്ഥിതൌ വാസു
ദേവഃ

ഇതി പ്രഥമഃ സർഗ്ഗഃ (അവസാനത്തെ ശ്ലോകം
മാത്രം മാലിനി . മറ്റെല്ലാം വസന്തതിലകം)

അഥ ദ്വിതീയഃ സർഗ്ഗഃ

44 അഥോ ജവാന്നിർജ്ജിതമാരുതാശ്വം രഥം
സമാരുഹ്യ രഥാംഗപാണിഃ സഹസ്രനേത്രസ്യ
സുതേന സാകം ദിശം പ്രതീചീം പ്രയൌ സ ദേവഃ

45 തതോ വ്യതീതേന്ദ്രിവരേ തു
ലോകാലോകാഭിധേ തത്ര തമോതിധീരം നിവാര്യ
ചക്രപ്രഭയാ മഹത്യാ നിരുദ്ധനേത്രം നിജഗാദ
പാർത്ഥം

46 വിലോക്യതാമാശു വിലോകനീയം
വിലോചനാമേചനകം ജനാനാം
അവശ്യതത്തന്മഹിമാതിശായി
സുപർണ്ണകേതോഃ പദമത്യുദാരം

47 കദാപി മായാവികൃതിം ന യാതി
ഭയാദിഭാവാ അപി ദൂരയാതാഃ
പ്രകാശരൂപേപി ച യത്ര നിത്യം
പരഃ പരാനന്ദരസപ്രവാഹഃ

48 അനാർജ്ജവം യത്ര ഭജത്യജസ്ര
മഹീന്ദ്രഭോഗഃ പരമേക ഏവ
വിരൂപതാ ചാപി സ്വഗാധിരാജോ
ഗദാന്വിതാഃ പ്രായശ ഏവ ഭക്താഃ

49 നവാംബുദശ്യാമളകോമളാംഗാ
ഗദാംബുജാധ്യങ്കിത ദോശ്ചതുഷ്കാഃ
ശ്രീവത്സപീതാംബരകൌസ്തുഭാഢ്യാഃ
ശ്രീകാന്തഭക്താ വിഹരന്തി യസ്മിൻ

50 ദിവ്യാംഗനാഭിഃ പരിചര്യമാണാ
ദിവ്യാശുകാലേ(ജാലൈ) പരിഭൂഷിതാംഗി

യസ്മിൻസ്വയം വിശ്വവിമോഹിനീ സാ
ദൃഷ്ടിപ്രസാദം കുരുതേ ച ലക്ഷ്മീഃ

51. ഇതീരയിത്വാ തരസാവരൂഢോ
രഥാദസൌ പാണ്ഡുസുതേന സാകം
വിവേശ പാർശ്വം വിഹിതാഞ്ജലീ തൌ
പ്രദൃഷ്ടവന്തീ ച പരം പുമാംസം

(വിരൂപതാ എന്നാൽ സൌന്ദര്യരാഹിത്യം , പക്ഷിരൂപം എന്ന് 2 അർത്ഥം. ഗദാന്വിതാ എന്നാൽഗദ ധരിച്ചവൻ, വിഷ്ണു . ഗദം അഥവാ ദുഃഖം ഉള്ളവൻ 2 അർത്ഥം)

52 ഫണീന്ദ്രപര്യങ്കതലേ ശയാനം
മഹേന്ദ്രനീലോൽപ്പലമേചകാംഗം
കിരീടഹാരാദിവിഭൂഷണൌഘ-
പ്രകൃഷ്ടനാനാമണിദീപിതാംഗം

(നീല എന്ന പദം മുമ്പിലുള്ള മഹേന്ദ്രനീല എന്നും പിന്നിലുള്ള നീലോൽപ്പലമേചകാംഗം എന്നും രണ്ടുതരം വായിക്കാവുന്ന വിധത്തിലാണ് പ്രയോഗം)

53 ലലാടദേശാകലിതോർദ്ധ്വപുണ്ഡ്രം
കൃപാരസാപൂർണ്ണസരോജനേത്രം
സുവർണ്ണമീനോപമകുണ്ഡലോദ്യത്-
പ്രഭാനുലിപ്താമല ഗണ്ഡശോഭം
(സ്വർണ്ണമത്സ്യകുണ്ഡലം മകരകുണ്ഡലം.

സൈന്ധവസരസ്വതീകാലത്ത് ഇത്തരം കുണ്ഡലം കിട്ടിയിട്ടുണ്ട്)

54 മൃദുസ്മിതോദ്ധ്യോതിമുഖേന്ദുബിംബം
ഗലോല്ലസത് കൌസ്തുഭശോഭമാനം
ചതുർഭുജാസക്തഗദാരിശംഖ-
സരോരുഹം മഞ്ജുളവന്യമാലം

55 സ്വഭക്തവാത്സല്യവിശേഷശംസി-
ശ്രീവത്സലക്ഷ്മ്യാങ്കിതവത്സദേശം
അനേകപങ്കേരുഹസംഭവാണ്ഡ-
നിവേശവേശ്മായിതകുക്ഷിദേശം

56 പീതാംബരാഛരാദിതപീവരോരും
പാപാന്ധകാരാരുണപാദപത്മം
നഖേന്ദുവിധ്വസ്തസമസ്തഭക്ത-
ജനാന്തരസ്ഥായി മഹാന്ധകാരം

58 സനത്കുമാരാദിമുനീന്ദ്രമുഖ്യൈഃ
സനന്ദമുഖ്യൈരപി പാരിഷദ്യൈഃ
സുരാസുരാദ്യൈരപി മൂർത്തിമദ്ഭി-
ർനിജായുധൈഃ സന്തതമീഡ്യമാനം

59 തദീയരൂപാപഹതാക്ഷിപത്മാം
ഏവം പരാനന്ദപയോധിമഗ്നൌ
സ്വലദ്ഗിരാ തുഷ്ടുവതുസ്തദാനീം
ജഗദ്ഗുരും പാണ്ഡവവാസുദേവൌ

60 നമോ നമ്സതേ നലിനേക്ഷണായ
നവാംബുദശ്യാമ കലേവരായ
പദാരവിന്ദപ്രണതാഖിലാർത്ഥ-
പ്രദാനസന്താനമഹീരുഹായ

61 നമോദ്വിതീയായ (അദ്വിതീയായ) സദാസ്തു
തുഭ്യം പുരാണപുംസേ പ്രകൃതേഃ പരസ്മൈ
പ്രതഞ്ചസര്ഗ്ഗസ്ഥിതിനാശകർത്രേ
വിരിഞ്ചിവിഷ്ണ്വീശവപുർദ്ധരായ

62 യോഗീശ്വരാന്തർനിലയായ ധാമ്നേ
ബോധസ്വരൂപായ നിരഞ്ജനായ
ബുദ്ധീന്ദ്രിയപ്രാണവിലക്ഷണായ
സത്യാത്മകായാസ്തു നമോ നമസ്തേ

63 സർവ്വാത്മനേ സർവ്വവിലക്ഷണായ
സർവ്വാന്തരസ്ഥായ സദാ ശിവായ
സച്ചിത്പരാനന്ദമയായ ശുദ്ധ-
തത്വസ്വരൂപായ നമോ നമസ്തേ

64 യസ്മാദിദം വിശ്വമുദേതി സർവ്വം
യസ്മിൻ പ്രതി,്ഠാം ലഭതേ പുനസ്തത്
യത്രൈവ യാതി പ്രലയം ച തസ്മൈ
തുഭ്യം നമോസ്ത്വത്ഭുതവൈഭവായ

65 വിധായ മായാപ്രതിബിംബതത്വം
പ്രപഞ്ചമേതന്മഹദാദിതത്വൈഃ

സംഹൃത്യ ഭൂയഃ കില കാലശക്ത്യാ
പ്രകാശസേ ത്വം ഹി മഹാപ്രകാശഃ

66 വിധായ ലീലാനിലയം കിശോരഃ
പ്രവിശ്യ ചാന്തഃ സുചിരം വിഹൃത്യ
വിനാശയത്യേവ പുനസ്തു സർവ്വം
തഥൈവ നാഥ ത്വമിദം ച വിശ്വം

67 മായാമയേ സംഹൃതിസാഗരേസ്മിൻ
കായാത്മബുദ്ധ്യാ സുചിരം ഭ്രമന്തഃ
തവൈവ സംപ്രാപ്യ പദാഞ്ജപോതം
തരന്തി തം ഗോഷ്പദവമ്മയന്തഃ

68 ഭവന്നികേതഭ്രമണേ സദാ മേ
ധൃതാഭിലാഷൌ ചരണൌ ഭവേതാം
കരൌ ഭവത്പാദസരോജപൂജാ-
രതൌ ശ്രുതീ ത്വച്ചരിതശ്രുതൌ ച

69 മുകുന്ദ തേ മൂർത്തിവിലോകനോത്കേ
വിലോചനേ ചാപി സദാ ഭവേതാം
ഘ്രാണം ച യുഷ്മത് പദപത്മപുഷ്പ-
ഘ്രാണോത്സുകം സന്തതമസ്തു വിഷ്ണോ

70 തവാവതാരാദികഥാപ്രസംഗ-
രതാ സദാ സ്യാദ് രസനാസ്മദീയാ
മൂർദ്ധാ പ്രണാമപ്രവണോസ്തു നിത്യം
ധ്യാനേ മനോ മേ മധുദാനവാരേ

71 ഇതി സ്തുതോയം സരസീരുഹാക്ഷഃ
സ്മിതാമൃതാസക്തമുഖാരവിന്ദഃ
കൃപാരസാപൂർണ്ണകടാക്ഷപാതൈഃ
പ്രഹർഷയന്നാഹ പുമാൻ പുരാണഃ

72 കിമദ്യ ഭോഃ കൃഷ്ണധനഞ്ജയൌ വാ-
മനാഹതം ക്ഷേമമുദാരവീര്യൌ
നിവേദ്യതാ സ്വാഗതമപ്യഹോ യൻ-
മദന്തികേപ്യാഗമനേ നിദാനം

73 പൃഷ്ടോ ബതൈവം പുരുഷോത്തമേന
പ്രഛാദ്യ താവന്നിജസർവ്വവിത്വം
വിജ്ഞാപയാമാസ യദൂദ്വഹോസ്മൈ
വിജ്ഞാനരൂപായ കൃതപ്രണാമഃ

74 നിവേദനീയം ത്വയി സർവ്വവേദിൻ
ന വിദ്യതേ കിഞ്ചന ദേവദേവ
ദിവാകരസ്യാത്ര തമോനിരോധഃ
പ്രകാശരൂപസ്യ ഭവേത് കഥം വാ

75 തഥാപി ലോകാനുകൃതിസ്തവേയം
പദാശ്രിതാനുഗ്രഹഹേതുരേവ
പിപാസുതാ ഹന്ത പയോധരാണാ
നിജാശ്രയാണാമിവ ചാതകാനാം

76 ദ്വിജസ്യ കസ്യാപി തനൂഭവസ്യ
പ്രപാലനേ സാദു കൃതപ്രതിജ്ഞഃ

ധനഞ്ജയോയം വിഫലപ്രതിജ്ഞഃ
പരത്ര സർവ്വത്ര വിചിത്യ ജാതഃ

77 ഭവത്പ്രസാദേ സതി ദുർല്ലഭം കിം
ഭവേജ്ജനസ്യേതി വിചിന്ത്യ നാഥ
അനേന സാകം ഭവതപ്രകാശം
സമാഗതോസ്മ്യാധ്യ സരോരുഹാക്ഷ

78 അയി പ്രപന്നാർത്തിഹര പ്രസന്നോ
ഭവേതി ഭൂയോപി കൃതപ്രണാമഃ
സുധാമിവാമന്ദകൃപാരസാർദ്രോ
ജഗാദ വാചം ജഗതാ ശകണ്യഃ

79 കർത്തും യുവാമദ്യ മദംശഭൂതാ-
വനേകഹിസാജനിതാധ മുക്തൌ
പദാവലോകാന്മമ തേ കുമാരാ
ദ്വിജോത്തമസ്യാത്ര മയൈവ നോതാഃ

80 ചിരം പൃഥിവ്യാ കുശലം ഭജന്തൌ
പദം സമാഗഛരതമേതദേവം
നയേതമേതാനപി വിപ്രപുത്രാൻ
പ്രതിശ്രുതം തത്തു ഭവതവബന്ധ്യം

81 ഇതി മധുരിപുണാ കൃതാഭ്യനുജ്ഞൌ
യദുവരപാണ്ഡുസുതാവതിപ്രഹൃഷ്ടൌ
പദസരസിജയോർനിപത്യ ഭൂയോ
ദ്വിജതനയൈശ്ച തതഃ പ്രതസ്ഥിവാസൌ

ഇതി ദ്വിതീയഃ സർഗ്ഗഃ

അഥ തൃതീയഃ സർഗ്ഗഃ

81 അഥ തദാ ഹരിലോകവിലോകനാ-
ദുദിതതത്വധിയാ സ ധനഞ്ജയഃ
കൃതഹരിസ്തുതിരസ്തമദോവിശദ്
ദ്വിജഗൃഹേ ജഗൃഹേ ച പരാ മുദം

82 സുതവിനാശവിഷാദവിമൂർച്ഛിതം
ദ്രുതമുപേത്യ തദാ ദ്വിജസത്തമം
സഹ നിപത്യ പദേ വിജയോബ്രവീത്
സ ഹരിണാ ഹരിണാകകുലാങ്കുരഃ

83 ദ്വിജവര പ്രണതോസ്മി ധനഞ്ജയ-
സ്തവ പദാബ്ജയുഗേ സഹബാലകഃ
അനുഗൃഹാണ വിഷാദമശേഷയൻ
ദയിതയായി തയാതിശുചാര്യയാ

84 ദശമനന്ദനപാലനമേവ തേ
ദ്വിജകുലേന്ദ്ര മയാ തു പുരാശ്രുതം
ബത പരം മധുവൈരികൃപാബലാ-
ദനിഹതാനിഹ താൻ ദശ ചാനയം .

85 ഇതി നിപീയ തദീയ വചോമൃതം
ഗുരുതരപ്രസദാകുലമാനസഃ
ക്ഷണമഭൂത് പ്രതിപത്തിവിമൂഢധീ-
ർദ്വിജവരോ ജവരോധിവികാരതഃ

86 സമുപഗുഹ്യ ദൃഢം പുനരാശു തം
ശിരസി ചാപ്യഭിചുംബ്യ മുഹുര്മുഹുഃ

പ്രമദവാഷ്പജലാന്യഭിവർഷതാ
സ ജഗദേ ജഗദേകധനുർദ്ധരഃ

87 അയി ധനഞ്ജയ ജീവ ചിരം സുഖീ
സുതധനാദിസമസ്തസമൃദ്ധിമാൻ
പൃഥുയശശ്ച ഭുജാബലമക്ഷതം
ഭവതു തേവതു തേന മഹീം ഭവാൻ.

88 സമധികാധികമോദവിധായിനി
പ്രതിവിധാനമഹോ ന ജഗത്രയേ
കിമധികം ബത ദാതുമിദം ജഗ-
ദ്വിജയ തേ ജയതേ ഭുജവിക്രമൈഃ

89 ഇഹ തു ദീനപരായണ സർവ്വദാ
യദുപതിഃ സ ദദാതു ഹിതം തവ
നിജവയോവിലയേപി ച യോഗിനാ-
മസുലഭം സുലഭം പദമസ്തു തത്

90 ഇതി വിതീര്യ തദാശിഷമഗ്രതോ
മധുരിപും ച സമീക്ഷ്യ മഹീസുരഃ
സുദൃഢഭക്തിയുതഃ പ്രണിപത്യ തം
പരമുദാരമുദാരമഥാസ്തുവം

91 ജയ ഹരേ ജയ ദേവ ജഗത്പതേ
യദുകുലാംബുധിപൂർണ്ണനിശാകര
അയമഹം പ്രണതോസ്മി രമാപതേ
തവ പദേവ പദേകസമാശ്രയം.

92 അഹഹവിശ്വവിമോഹനശീലയാ
തവ പരം ജഗദീശ്വര മായയാ
ഹതധിയഃ കലയന്തി മഹാത്മതാം
മനസി തേ ന സിതേതരകർമ്മഭിഃ

93 തദിഹ മേ നിഖിലാമപരാധിതാം
സുതവിനാശശുചാ വചസാ കൃതാം
സദയമദ്യ സഹസ്വ കൃപാ വിനാ
ത്രിഭുവനേ ഭുവനേശ്വരി കാ ഗതിഃ

94 യദിഹ ദുസ്തരസംസൃതിസാഗരേ
സുദൃഢവാസനയാ തു നിമജ്ജതഃ
അധമഹോ പ്രതിജന്മ സമാർജ്ജിതം
ത്വമധുനാ മധുനാശന നാശയ

95 ദൃഢതരാ ത്വയി ഭക്തിരഹർന്നിശം
ഭവതു മേ ഭവതാപവിനാശിനി
അപനയസ്വ ഹൃദോപ്യവിവേകിതാം
കരുണയാരുണയാ നയനശ്രിയാ

96 സതതമേവ ജഗത് പരിരക്ഷിതും
നിഖിലമപ്യവതാര ശതൈരലം
കൃതധിയസ്തവ സാ പ്രഥിതാ കൃപാ
ഭുവി തഥാ വിതഥാമിഹ മാ കഥാഃ

97 ദിവിഭുവാ ഹയകണ്ഠ ഇതി പ്രഥാ
ഗതവതാപഹൃതേ നിഗമോത്കരേ
തവ തു തത്ര ധൃതാ സകലാപദാ

ശമകരീ മകരീശതനുഃ പുരാ (വിഷ്ണു മത്സ്യാവതാരം എടുത്ത് ഹയഗ്രീവനിൽനിന്ന് വേദം വീണ്ടെടുത്ത കഥ)

98 പ്രമഥിതേ തു പുരാ പയസാം നിധൌ
മിലിതസർവ്വസുരാസുരസഞ്ചയൈഃ
വിപുലകച്ഛപരൂപമധോഗതം
മഹിധരം ഹി ധരന്തമുപാസ്മഹേ
(പാലാഴിമഥനകാലത്ത് കൂർമ്മാവതാരം എടുത്ത കഥ)

99 ശരണമസ്തു സ മേ കിടിരൂപധൃഗ്
ജലനിധാവസുരേണ നിമജ്ജിതാ
ക്ഷിതിരിയം ബത യേന സമുദ്ധൃതാ
സ ച രണോ ചരണേന ഹതോ രിപുഃ
(വരാഹാവതാരത്തിൽ ഭൂമിയെ ഉയർത്തി ഹിരണ്യാക്ഷനെ വധിച്ച കഥ)

100 തമഹമിന്ദ്രസഹോദരമാശ്രയേ
ത്രിപദമാത്രമിതാ തു ജഗത് ത്രയീം
ബലികരാദപഹൃത്യ ച യഃ പുരാ
മഘവതേധവതേ പ്രദദൌ മുദാ
(വാമനാവതാരകഥ)

101 ഹൃദി കരോമ്യനിശം ജമദഗ്നിജം
ദ്വിജകുലാപകൃതൌ നിരതാ നൃപാഃ
സപദി യസ്യ പരശ്വധനാമകേ

ഹൃതവഹേ തവ ഹേ ശലഭാഃകൃതാഃ
(പരശുരാമാവതാരം)

102 സുരജനാർത്ഥനയാ ദിനകൃത്കുലേ
ദശരഥാത്മജതാ സമുപേത്യ യഃ
ദശമുഖം തു ജഘാന ജഗദ്ദ്രുഹം
സ ഭവ മേ ഭവമേദുരതാപഹാ
(ശ്രീരാമാവതാരം)

103 സിതപയോധര ചാരുതരാകൃതി-
ർവിധൃതനീലപടോ മുസലായുധഃ
ഇഹ ച സമ്പ്രതി നഃ ശരണം ഭവാ-
ഛമയതാമയതാമധമുൽബണം
(ബലരാമാവതാരം)

104 കലിയുഗേന്തമുപേഷ്യതി കൽക്കിനഃ
ഖലജനാനഖിലാംശ്ച വിഭേത്സ്യതഃ
തവ പദാബ്ജയുഗം തദിദം മനഃ
സ്മരതി മേ രതിമേകതമാ വഹത്

(ലക്ഷ്മീരാജ്ഞി പിന്നെ കൽക്കിയെയാണ് പറയുന്നത്. ബുദ്ധനെ അവതാരമായി അംഗീ കരിക്കുന്നില്ല. ഭാഗവതപുരാണം 23ആം അവ താരമായി കൽക്കിയെ പറയുന്നു. ജൈനരും കൽക്കിയെ അംഗീകരിക്കുന്നു)

106 യമിഹ യാദവവംശ സമുത്ഭവം
ധരണിഭാരവിനാശവിധിത്സയാ

സപദി കംസഭയേന പിതാനയദ്
വ്രജപദേജ പദേന തരൻ നദീം.

107 സപദി തത്ര ച കംസനിയോജിതാ
വിഷവിലിപ്തകുചം ദിശതീ തവ
നിശിചരീ ബത യേന ഹി പൂതനാ
സുനിഹതാ നിഹതാമിവബാലകാ

108 തവ വധായ പുനശ്ച സമാഗതാഃ
ശകടവാതമുഖാ ബഹവോസുരാഃ
മഖഭുജാമനിശം ച ഹിതൈഷിണാ
വിദലിതാ ദലിതാർജ്ജുനഭൂരുഹാ

(പൂതന, ശകടാസുരൻ, നളകൂബരന്മാർ
ഇവരുടെ കഥ)

109 നിഖിലഗോപവധൂനിലയാദപി
സ്വജനനീ നവനീതപയോമുഷഃ
നിയമനം തു കഥഞ്ചിദുലൂഖലേ
കൃതവതീ തവ തീവ്രരുഷാകുലാ

110 സകലഗോപകുമാരകസംകുലേ
ഭവതി ഗോശിശുപാലനലോലുപേ
കമലഭൂരപി യസ്യ തു മായയാ
പരമയാരമയാദിഹ വിസ്മയം

(ഉരലിൽ കെട്ടിയതും ബ്രഹ്മാവിന് വിസ്മയം
ജനിപ്പിച്ചതും)

111 സ്വവിഷദൂഷിതസൂര്യസുതാജലം
വിമദയൻ ഫണിനായകമാശു യഃ
സുരജനേന സുമൈരഭിവർഷിതഃ
സ്തുതവതാ തവ താണ്ഡവചാതുരീം

112 ജലവിഹാരവിധൌ യമുനാതടേ
നിഹിതമംശുകസഞ്ചയമാഹരൻ
വ്രജവധൂരകരോസ്ത്രപയാതുരാഃ
സമദനാ മദനാധികമോഹനഃ

(കാളിയമർദ്ദനവും ഗോപികാവസ്ത്രാപഹ രണവും)

113 രുഷിതവാസവവൃഷ്ടിഭയം വ്രജേ
പ്രശമയൻ സ്വകരോദ്ധൃതപർവ്വതഃ
ഗതമദേന ശചീപതിനാ പുന-
ർദിവിഭവൈർവിഭവൈഃ സമപൂജി യഃ

114 മുരളികാസ്വനമോഹിതമാനസൈ-
ർവ്രജവധൂനിവഹൈഃ സഹ യോ ഭവാൻ
ബഹുതനുർബഹുധാപി ച ഖേലനം
വ്യതനുതാനനുതാപഭരാകുലൈഃ

(ഗോവർദ്ധനോദ്ധാരണവും രാസലീലയും)

115 കലയതാ ബഹുലർദ്ധിമഹോ വ്രജേ
ഗതവതാപി പുനർമ്മധുരാപുരീം
വധുജനാ നയനാഞ്ചലശൃംഖലാ-
വിഗലിതാ ഗലിയാന്യരസാഃ കൃതാഃ

116 ഋജുതനൂമനുലേപനദായിനീ-
മയ വിധായ സുദാമമുഖാർച്ചിതഃ
രജകമല്ലമുഖൈഃ സഹ മാതുലം
നിരവധീരവധോരിതസത്പഥം

(മധുരായാത്രയും, കുബ്ജയുടെ അനുഗ്രഹവും, മല്ലവധവും കംസവധവും)

117 ഉപനയാദയ ശിക്ഷിതമത്കലോ
മൃതതനൂഭവജീവനദക്ഷിണാഃ
അനുമതഃ പ്രയൌ ച നിജാ പുരീം
സ്വഗുരുണാ ഗുരുണാ പ്രമദേന യഃ

(സാന്ദീപനിഗുരുവിന് പുത്രനെ ദക്ഷിണയായി കൊടുത്തത്)

118 ബഹുതരം തു ജരാസുതദോർമ്മദം
ശിഥിലയൻ മുചുകുന്ദഗതിപ്രദം
ജലനിധാവകരോദതിദുർഗ്ഗമാ-
മസുഹൃദാം സുഹൃദാ സുഗമാ പുരീം

(മുചുകുന്ദമോക്ഷവും ദ്വാരകാപട്ടണനിർമ്മാണവും)

119 വിദിതഭീഷ്മസുതാഹൃദയസ്തുയോ
ദ്വിജകുമാരഗിരാശ്രിതകുണ്ഡിനഃ
പ്രിയതമാ ച ജഹാര വിരോധിനോ
വിശിഖയഞ് ശിഖയന്നപി രുക്മിണം.

(രുക്മിണീസ്വയംവരവും രുഗ്മിയുടെ പരാജയവും)

120 ദിനകരാപ്തമണോരപി യാദവാദ്
ഭവതി ദുർവ്വചനാച്ചകിതാത്മനഃ
ധരണിഭാരഹരഃ സുഖമാവസഃ
സ്വസദനേ സദനേകജനാശ്രിതേ

121 ഗിരിശസേവകബാണമദാപഹാ
നൃഗമഹീശവിമോക്ഷവിധായിനീ
ദ്രുപദജാബരസംഗസമീരതാ-
മുപഗതാപഗതാരിഷു യത് കൃപാ

(ബാണനില്നിന്ന് അനിരുദ്ധനേയും ഉഷയേയും വീണ്ടെടുത്തത്, നൃഗമോക്ഷം, ദ്രൌപതിക്ക് കുരു സഭയിൽ വെച്ച് വസ്ത്രം കൊടുത്തത്)

122 നിജതലത്രഹിതായ ധനാർത്ഥിനം
പ്രിയസഖം തു കുചേലമഹീസുരം
അകൃത യഃ പൃഥുകാശനതോധികം
സുധനദോ ധനദോപമമാശു തം

(കുചേലന്റെ അവിൽ ഭക്ഷിച്ച കഥ)

123 സ ത്വം സത്വതനുഃ സമസ്തകലയാ
പൂർണ്ണോവതീർണ്ണഃ കുലേ
വൃഷ്ണീനാമിഹ ഭൂമിഭാരഹരണീ
യോഭ്യർത്ഥിതോ വേധസാ
നാരീണാ നയനാമൃതായിതവപു-

ശ്വൈധ്യാദി ദിഷ്ടാന്തകൃത്
ഭക്താനാമഖിലാർത്ഥകൽപ്പകതരുഃ
കൃഷ്ണൌധി നഃ ശ്രേയസേ
(ശാർദ്ദൂലവിക്രീഡിതം)

124 ഇതി ക്ഷിതിസുരോത്തമപ്രിയ-
മനേന സംപാദയൻ
സുരാധിപസുതേന ച പ്രമദഭാരപൂർണ്ണാത്മനാ
സമേത്യ നിജമന്ദിരം സഹ കലത്രപുത്രാദിഭിഃ
(വൃത്തം പൃഥ്വി)

125 വിഹാരൈരിത്യാദ്യൈർജ്ജഗദഖില
മാനന്ദഭരിതം വിതന്വൻ ഭക്താനാം
പരമഗതിദാനൈകനിരതഃ
അപി വരാദപി ലബ്ധസുതസ്തയോ-
രുരുഭയോരുഭയോഃ കരമഗ്രഹീഃ

(സത്രാജിത്തിന്റെ സ്യമന്തകകഥ. ജാംബവാൻ കുട്ടിക്ക് കളിക്കാൻ രത്നം കൊടുത്തു. കുട്ടി കരയുമ്പോൾ ആയ കരയരുതെന്ന് സമാധാനിക്കുന്നത് കേട്ട കൃഷ്ണൻ സ്യമന്തകകഥ ഗ്രഹിച്ചു. ആയാവാക്യം സിംഹപ്രസേനമവധീത് സിംഹോ ജാംബവതാ ഹത സുകുമാരക മാ രോദീസ്തവ ഹ്യേഷ സ്യമന്തകഃ കൃഷ്ണൻ ജാംബവാനിൽ നിന്ന് സ്യമന്തകം നേടി. പുത്രിയുടെ കരവും ഗ്രഹിച്ചു)
126 കൃതകാലിന്ദസുതാകരപീഡനഃ

സപദി മദ്രമഹീശസുതാദികാഃ
കരബലാത് പരിഗൃഹ്യ ച ബാലികാ-
സ്ത്വരമയോ രമയോപമിതാഗകാഃ

(കാളിന്ദി ഘോരതപം ചെയ്യുന്നത് വിഷ്ണുവിനെ ഭർത്താവായി ലഭിക്കാനാണെന്ന് അർജ്ജുനനിൽ നിന്ന് അറിഞ്ഞ കൃഷ്ണൻ അവളെ വിവാഹം ചെയ്തു. മാദ്രരാജാവിന്റെ മകളായ മുറപ്പെണ്ണിനേയും വിവാഹം ചെയ്തു.)

127 നരകദൈത്യനിയന്ത്രിതസുന്ദരീ-
ജനമഹോ പരിണീതവതഃ പുനഃ
സുരമുനിപ്രവരായ നിദർശിത-
സ്വമഹിമാ മഹിമാപി ച യസ്യ തേ

(നരകാസുരൻ തടവിലാക്കിയ സ്ത്രീകളെയെല്ലാം വിവാഹം കഴിച്ച് സനാഥകളാക്കി ദ്വാരകയിലേക്ക് കൊണ്ടുപോയി സംരക്ഷിച്ചു)

128 അഥ യുധിഷ്ഠിരയജ്ഞസഭാജന-
പരുഷിതസ്യ തു ചേദിമഹീശിതുഃ
നിധനമാശു വിധായ യയൌ പുന-
ര്യജനതോ ജനതോഷകരോ ഭവാൻ
(ശിശുപാലവധം)

129 അപി തു സാല്വമുഖാനഖിലാനഹ-
ന്നഥ ധനഞ്ജയ സാരഥിതാം ഗതഃ

(ഇവിടം വരെയേ ഉള്ളു. ബാക്കി അപൂർണ്ണം.)

ഗംഗാദേവി:-

മധുരാവിജയമാണ് ഗംഗാദേവിയുടെ കാവ്യം. വിദയനഗരത്തിലെ കമ്പരായരുടെ ഭാര്യയാണ് ഇവർ. (കമ്പനൻ) മധുരാവിജയത്തിന്റെ ഒരു അപൂർവ്വകൈയെഴുത്തുപ്രതി തിരുവനന്ത പുരത്തുനിന്നാണ് ലഭിച്ചത്. മറ്റൊന്ന് മദ്രാസ് ഗവണ്മെന്റ് ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലുണ്ട്. അത് തിരുവനന്തപുരം പ്രതിയുടെ കോപ്പിയാണ്. ഗ്രന്ഥം ഓലയിൽ ഗ്രന്ഥലിപിയിലാണ്. പ്രിന്റ് ചെയ്തത് ദേവനാ ഗരിലിപിയിലും. വീരകമ്പയ്യ ബുക്കരായന്റെ 2ആം പുത്രനാണ്. ബുക്കന്റെ കാലം 1343- 1379. അതിനാൽ ഈ പുസ്തകരചന 14ആം നൂറ്റാണ്ടി ന്റെ മദ്ധ്യത്തിലാവണം.

ആദ്യവിജയനഗരസാമ്രാജ്യം-

1 സംഗമൻ

2. ഹരിഹരൻ 1, കമ്പ, ബുക്ക1, മാരപ, മുദ്ദപ

3. ബുക്ക 1ന്റെ മക്കൾ ഹരിഹര 2, കമ്പ, ചിക്ക കമ്പ, സംഗമ, വിരൂപണ്ണ, ഭാസ്കര, മല്ലീനാഥ.

ഗ്രന്ഥാരംഭം വിജയനഗരസ്ഥാപകനായ ബുക്കരാ യനെ കീർത്തിച്ചുകൊണ്ടാണ്. തുംഗഭദ്രാതീര

ത്തെ വിജയനഗരത്തെ വർണ്ണിച്ചിട്ടുണ്ട്. ബുക്ക രായന്റെ ഭാര്യമാരിൽ പ്രിയപ്പെട്ടവളായ ദേവാ യിയുടെ പുത്രനാണ് കമ്പരായർ. അതേ ഭാര്യയി ലുണ്ടായ സംഗമനും കമ്പനനും അദ്ദേഹത്തിന്റെ നേരെ അനുജന്മാരാണ്.ശത്രുക്കളിൽ ഭയം മൂലം കമ്പനം ഉണ്ടാക്കണമെന്ന സങ്കൽപ്പത്തോടെയാണ് കമ്പനനാമം കൊടുത്തത്. ഛൻതന്നെ, യുദ്ധം അടക്കമുള്ള എല്ലാ കാര്യങ്ങളിലും കമ്പനനെ വ്ദ്യാഭ്യാസം ചെയ്യിച്ചു. ബുക്കരായർ ആഗ്രഹിച്ചപോലെ ദക്ഷിണേന്ത്യയിലെ എല്ലാ രാജാക്കന്മാരേയും കമ്പനൻ പരാജയപ്പെടുത്തി. തുണ്ടീരം അഥവാ തൊണ്ടമണ്ഡലത്തിലെ ചമ്പ രായൻ, വനവാസിയിലെ വന്യരാജാക്കന്മാർ, മധുരയിലെ തുരുഷ്കരാജാവ് ഇവരെ അദ്ദേഹം തോൽപ്പിച്ചു. ചമ്പരായൻ കർണ്ണാടകത്തിലൂടെ യും, കന്തകാനനത്തിലൂടെയും (മുൽബാഗൽ) കടന്ന് ക്ഷീരതരംഗിണി (പാലാർ) കടന്ന് വിരി ഞ്ചിപുരത്ത് ശിബിരം അടിച്ചാണ് കമ്പരായനെ നേരിട്ടത്. കമ്പനൻ രാജഗംഭീരം കോട്ട ഉപരോധി ച്ചു. ചമ്പരായനെ ദ്വന്ദ്വയുദ്ധത്തിൽ വധിച്ചു. പിന്നീട് കമ്പനൻ കാഞ്ചിയിലേക്ക് ചെന്ന് അതി നെ കീഴടക്കി. പിന്നീട് മധുരസുൽത്താനെ തോ ൽപ്പിച്ചു. 8ആം അദ്ധ്യായവും അതിന്നുമുമ്പത്തെ അദ്ധ്യായത്തിലെ 41 ശ്ലോകവും കാണാനില്ല. മധുരാവിജയകാവ്യം ചരിത്രകാവ്യമാണ്.

ഇതിൽ പറയുന്നതെല്ലാം രാജനാഥനെന്ന ദിണ്ഡി മകവി എഴുതിയ സാലുവഅഭ്യുദയത്തിലും സാലുവനരസിംഹന്റെ(1450-1486) രാമാഭ്യുദയത്തിലും അനന്താചാര്യരുടെ പ്രമന്നാമിതത്തിലും പറയുന്നതു തന്നെയാണ്. കവി. ചരിത്രകാരി എന്ന അപൂർവ്വമായ 2 കഴിവുകൾ ഗംഗാദേവിയിലുണ്ടായിരുന്നു. 6 ആം അദ്ധ്യായം കമ്പനന്റെ ശിബിരത്തിൽ വെച്ച് ഗംഗാദേവിയും കമ്പനനും തമ്മിലുള്ള സംഭാഷണമാണ്. അതിൽ ചരിത്രമില്ല. ഗംഗാദേവി നിരവധി കവികളേയും നാടകകർത്താക്കളേയും പറയുന്നുണ്ട്. പ്രാചേതസ, വ്യാസ, കാളിദാസ, ബാണഭട്ട, ഭാരവി, ദണ്ഡിൻ, ഭവഭൂതി, കർണ്ണാമൃതകവി, തിക്കയ്യ, അഗസ്ത്യ, ഗംഗാധരനെന്ന നാടകകൃത്ത്, വിശ്വനാഥൻ ഇവർ ഇതിൽ ഉണ്ട്. കർണ്ണാമൃതകവിയെപ്പറ്റി പറയുന്ന വരികളും കർണ്ണാമൃതമാണ്.

മന്ദാരമമ ഞ്ജരീസ്യന്ദിമകരന്ദരസാബ്ധയ കസ്യ നാഹ്ലാദ നായാലം കർണ്ണാമൃതകവേർഗിരഃ ഈ കവിയുടെ പേര് പറയുന്നില്ല, ശ്രീകൃഷ്ണകർണ്ണാമൃത മാണോ പറയപ്പെട്ട ഗ്രന്ഥം. ആണെങ്കിൽ അത് ലീലാശുകന്റെ സംസ്കൃതകാവ്യമാണ്. പൂന്താനത്തിന്റെ പേരിൽ പ്രചരിക്കുന്നത് മലയാളമാണ്.

തിക്കയസ്യ കവേ സൂക്തി കൌമുദീവ കലാനി ധേ സതൃഷ്ണൌ കവിഭി സൈ്വരം ചകോ രൈരിവ സേവ്യതേ

ചതുഃസപ്തതി കാവ്യോക്തിവ്യക്തവൈദുഷ്യ സമ്പദേ അഗസ്ത്യായ ജഗത്യസ്മിൻ സ്പൃഹ യേത് കോ ന കോവിദഃ

ഗംഗാധരനെ കുറിച്ച്ഃ- സുമസ്തമപരം വ്യാസ ഗംഗാധര മഹാകവിം നാടകഛദ്മനാ ദൃഷ്ടാ യഛക്രേ ഭാരതീം കഥാം

വിശ്വനാഥനെക്കുറിച്ച്ഃ- ചിരം ച വിജയീഭൂയാദ് വിശ്വനാഥ കവീശ്വരഃ യസ്യ പ്രസാദാത് സർവ്വജ്ഞാ സമിന്വേ സാദൃശേഷ്വപി

മേൽപ്പറഞ്ഞ കവികളുടെ ഗ്രന്ഥങ്ങളെല്ലാം ഗംഗാ ദേവിക്ക് സുപരിചിതമാണ്. അവരുടെ അഭിപ്രാ യം വാക്കുകളുടെ പ്രയോഗം, അർത്ഥം,ചിന്ത, വികാരം ഇപ്രകാരം കാവ്യത്തിന്റെ പൂർണ്ണത ക്ക് ആവശ്യമായ ഘടകങ്ങൾ ഒന്നിച്ച് അവയി ലൊന്നിലും കാണാനില്ല എന്നാണ്. (ശബ്ദാർത്ഥ ഭാവരസങ്ങൾ)

ക്വചിദർത്ഥഃ ക്വചിശ്ഛബ്ദഃ ക്വചിദ്ഭാവഃ ക്വചിദ്രസഃ യത്രൈതേ സന്തി സർവ്വേപി സ നിബന്ധോ ന ലഭ്യതേ.

മധുരാവിജയം അനുഷ്ഠുപ്പ്, ഉപജാതി, വംശ സ്ഥം, ദ്രുതവിളംബിതം, പുഷ്പിതാഗ്ര മുതലായ വൃത്തങ്ങളിലാണ് എഴുതിയിരിക്കുന്നത്. വൈദ ർഭിശൈലിയിലാണ് രചന. ഉപമകളും മറ്റ് അല ങ്കാരങ്ങളും സുന്ദരമാണ്. ചിലതിന് ദ്വയാർത്ഥമു ണ്ട്.

ജയന്തി (വൈജയന്തി) -

ബംഗാളിലെ കോടലീപാദത്തിലെ (ഫരീദ്പൂർ) ദുർഗ്ഗാദാസചക്രവർത്തിയുടെ മകൻ കൃഷ്ണനാ ഥന്റെ പത്നിയാണ് ജയന്തി. ഡാക്ക.യിലെ വിക്ര മപുരത്ത് ധാനുകബ്രാഹ്മണവംശത്തിലാണ് ജന നം. ആനന്ദലതികാചമ്പുവിന്റെ രചനയിൽ ഇവ രും ഉണ്ടെന്ന് പറയപ്പെടുന്നു. ചില കവിതകളാ ണ് ജയന്തിയുടേതായി ലഭിച്ചിരിക്കുന്നത്. സംസ്കൃതസാഹിത്യപരിഷത്ത്പത്രിക പ്രസി ദ്ധീകരിച്ച ആനന്ദലതിക കൃഷ്ണനാഥകവിയും പത്നി ജയന്തീദേവിയും രചിച്ചതെന്നാണ് കാണു ന്നത്.

ആനന്ദക- ആര്യാഃ ശ്രീമന്നന്ദനനന്ദനചരണസരസീ
രുഹ മനനപരിതുഞ്ഛരിതവിഷയരസ
ശ്രീദുർഗ്ഗാദാസചക്രവർത്തിതനയേന പത്നീ
സഹായേന ശ്രീകൃഷ്ണനാഥകവിനാ.
വിരചിതമാനന്ദലതികാഗ്രന്ഥമധീതവാനസ്മി

പത്നീസഹായേന എന്നത് വെച്ചാണ് ജയന്തീദേവിയുമായുള്ള കൂട്ടുരചന എന്ന് വിചാരിക്കുന്നത്. ഓരോ അദ്ധ്യായത്തിന്റെ അവസാനവും കൃഷ്ണനാഥന്റെ പേരു മാത്രമേ ഉള്ളു. ഇതി ശ്രീ മഹാമഹോപാദ്ധ്യായ കൃഷ്ണനാഥസാർവ്വഭൌമഭട്ടാചാര്യവിരചിതാനന്ദലതികായാ പഞ്ചമകുസുമം എന്നിങ്ങനെ.
പണ്ഡിതദീനബന്ധു സാഹിത്യശാസ്ത്രിയുടെ കയ്യിലുള്ള മാനുസ്ക്രിപ്റ്റിൽ പത്നീസഹായ എന്നില്ല. മാത്രമല്ല, ഗ്രന്താവസാനം ശാകേ വേദമുനീഷു ചന്ദ്രഗണിതേ (1574) പക്ഷേ വലക്ഷേ മഘൌ ശ്രീമദ്വന്ദ്യപാദാരവിന്ദയുഗള ശ്രീതർക്കവാഗീശ്വരം നത്വാ ശ്രീദ്വിജ കൃഷ്ണനാഥബടുനാ കാവ്യ മയാ കൽപ്പിതം ദോഷാവേശമപാസ്യ സാധുഹൃദയൈ-രാസ്വാദ്യമേതാച്ചിരം എന്ന് കൃഷ്ണനാഥനെ മാത്രമാണ് രചയിതാവായി പറയുന്നത്. ശകം 1574 (എഡി 1652-53) കൃഷ്ണനാഥസാർവ്വഭൌമ കാലമാണ്.

മധുരവാണിഃ-

തഞ്ചാവൂരിലെ രഘുനാഥഭൂപന്റെ സഭയിലെ കവിയായിരുന്നു മധുരവാണി.

ചതുരമധുരവാണീ സമ്യഗാകരാര്യ യസ്യാഃ
സദസി മധുരവാണീ നാമദത്തം ത്വയൈവ

സരസകൃതിവിധായാ സാധുമേധാവിശേഷാ-
സ്വധികപചുരശേഷാസ്വംബുജാക്ഷീഷു സൈഷാ
എന്നതു വെച്ചാണ് മധുരവാണി എന്ന് പേരു നിർണ്ണയിക്കുന്നത്. ഇത് ഒരു പക്ഷേ സഭയിൽ കൊടുക്കപ്പെട്ട നാമമാവാം, സ്വനാമമാവില്ല. സുഭാഷിതഹാരാവലിയിൽ അവരുടെ ഒരു കവിത ഉണ്ട്.

17ആം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ മൈസൂരിലാണ് ജീവിച്ചതെന്ന് കരുതുന്നു. പണ്ഡിതകുടുംബത്തിലാണ് ജനനം. സാഹിത്യം മാത്രമല്ല, മധുരവാണിക്ക് സംഗീതവും പ്രിയമായിരുന്നു. സംഗീതജ്ഞനും സാഹിത്യകാരനുമായ രഘുനാഥഭൂപൻ അവളെ സ്വീകരിച്ചതും ഇതിനാലാണ്. നിരവധി ചമ്പുക്കൾ മധുരവാണി എഴുതിയെങ്കിലും ഒന്നു പോലും ലഭ്യമല്ല. ഈ ചമ്പുക്കളെല്ലാം ധ്വനിസമൃദ്ധമായിരുന്നു. നൈഷധചമ്പു, കുമാരസംഭവം ഇവക്ക് സ്വന്തരീതിയിൽ കാവ്യവും രചിച്ചതായി പറയുന്നു.

ആദ്യാദ്ധ്യായം ഈശ്വരനേയും രഘുനാഥനേയും സ്തുതിച്ചാണ്. മയൂര, മങ്ക മുതലായ കവികളേയും സ്മരിക്കുന്നു. രഘുനാഥനേയും അദ്ദേഹത്തിന്റെ സഭയേയും വർണ്ണിക്കുന്നു. ഈ സഭയിലെ ഏതു പണ്ഡിതകവിക്കാണ് രഘുനാഥന്റെ ആന്ധ്രരാമായണം സംസ്കൃതത്തിലേക്ക് പരിഭാ

ഷപ്പെടുത്താനുള്ള ബാഗ്യം ലഭിക്കുക എന്ന് ചോദിക്കുന്നു. രാജാവിന് സ്വപ്നത്തിൽ ശ്രീരാമചന്ദ്രൻ പ്രത്യക്ഷമായി മധുരവാണിയെ അതിനു തെരഞ്ഞെടുക്കാനുപദേശിച്ചു. പിറ്റേന്നു തന്നെ സഭയിൽ അദ്ദേഹം അത് പറയുകയും മധുരവാണി അത് സ്വീകരിക്കുകയും ചെയ്തു. കാവ്യവിഷയം രാമായണമാണ്.

2- 4 വരെ അദ്ധ്യായം ദശരഥൻ പുത്രകാമേഷ്ടി അനുഷ്ഠിച്ചതു വരെയാണ്. 5-6 ശ്രീരാമജനനം, കുട്ടിക്കാലം, വിശ്വാമിത്രന്റെ വരവ്, താടകാവ ധം, അഹല്യാമോക്ഷം . 7-8 ശിവചാപഭഞ്ജനം, സീതാപരിണയം, പരശുരാമപരാജയം. 9-10 രാമാഭിഷേകനിശ്ചയം , കൈകേയിയുടെ ഇട പെടൽ, രാമന്റെ വനയാത്ര, ഭരതൻ രാമനെ തിരി ച്ചുകൊണ്ടുവരുന്നതിൽ പരാജയപ്പെടുന്നത്. 11 ശൂർപ്പണഖാഅംഗഛേദം, സീതാപഹരണം. 12 സീതാന്വേഷണം , ബാലിവധം, . 13-14 ഹനുമാൻ സീതയെ കാണുന്നത്. ഇവിടെ കഥ മുറിയുന്നു. 115ആം താളിനുശേഷം 126 മുതലാണ് യുദ്ധകാ ണ്ഡം കാണുന്നത്. അപൂർണ്ണമായ നിലയിൽ മാനുസ്കരിപ്റ്റിൽ 14 അദ്ധ്യായത്തിൽ 1500 ശ്ലോകമുണ്ട്. മദ്ധ്യകാലത്തെ ദക്ഷിണേന്ത്യയിലെ സ്ത്രീവിദ്യാഭ്യാസം വളരെ ഉന്നതനിലയിലായി രുന്നുവെന്ന് രാമഭദ്രാംബ, മധുരവാണി ഇവ

രുടെ കാവ്യങ്ങളിൽ നിന്ന് മനസ്സിലാക്കാം. ഗംഗാ ദേവിയും തിരുമലാംബയും മറ്റ് ഉദാഹരണങ്ങ ളാണ്.

രാമഭദ്രാംബഃ-

17ആം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രഘുനാ ഥനായിക്കിന്റെ സഭയിലെ രാമഭദ്രാംബ രഘുനാ ഥാഭ്യുദയം രചിച്ചു. രാമായണകാവ്യത്തിൽ മധുരവാണി അവരെ കുറിച്ച്:- വിപഞ്ചികായാ ചതുരാ പ്രഗത്ഭാ ശാസ്ത്രേതിദക്ഷാ സരസപ്രബന്ധേ സമീപമേതസ്യ സമേത്യ കേപി സുഭ്രൂജനാ സ്വസ്വകലാ വ്യവൃശ്വൻ, (1. 78)

സർവ്വോത്തരസ്വാമിമസംസ്കൃതാന്ധ്രപ്രബന്ധ നിർമ്മാണാ പചേലിമാനി യശാസി ഭൂയാസ്യനതാരയന്ത്യ സഹസ്രജ സന്തി സരോജനേത്രാ (1.82) എന്ന് പറയുന്നു. രഘുനാഥ ൻ അവർക്ക് സാഹിത്യസാമ്രാജ്യഭദ്രപീഠാരൂഢാ എന്ന് ബിരുദം കൊടുത്തിരുന്നു.
ശബ്ദാർത്ഥയോർമമ സമപ്രധാനം വശവദ് യസ്യ വദന്തി സർവ്വേ കൃതീ സ ഏവാത്ര കൃതൌ സഹായോ നാഥോ മമ ശ്രീരഘുനാഥനാമാ.
എന്നാണ് തന്റെ കൃതിയുടെ സമാപ്തിപത്രത്തി ൽ അവർ എഴുതുന്നത്. മറ്റെല്ലാം കവികളും രഘുവരനെന്നു വിളിക്കുന്നു .(ശ്രീരാമ) എന്നാൽ താനും വളരെ കുറച്ച് പേരും മാത്രം അദ്ദേഹ

ത്തെ കൃഷ്ണാവതാരമെന്ന് അറിയുന്നു എന്നതിനാൽ അവർ രാജ്ഞീയായിരിക്കാം എന്ന് കരുതുന്നുണ്ട്. എന്നാൽ അവർ രാജ്ഞിയല്ല, രഘുനാഥന്റെ സഭയിലെ നിരവധി പ്രേമഭാജനങ്ങളിൽ ഒരാളാവണമെന്നാണ് മറ്റൊരു അഭിപ്രായം.

വര രഘൂണാ ഗുണവൈവെഭവൈ യം വദന്തു
സർവ്വ രസികാ വയം തു സഹസ്രസകാന്താജന
സാമരസ്യേ കൃഷ്ണാവതാര ഹൃദി തർക്കയാമഃ

12 അദ്ധ്യാമുള്ള കാവ്യം ആരംഭത്തിൽ തന്നെ ചോളരാജ്യത്തേയും താമ്രപർണ്ണി, കാവേരി നദികളുടെ സൌന്ദര്യത്തേയും , പക്ഷി,മൃഗാദികളും ലതകളും മരങ്ങളും ഫലങ്ങളും പൂക്കളും നിറഞ്ഞ ഭൂപ്രകൃതിയേും വർണ്ണിക്കുന്നു. ചോളന്മാർ വളരെ ധർമ്മാത്മാക്കളും ബ്രാഹ്മണർ ശാസ്ത്രപാരംഗതരും ആചാരാദിസാഹിത്യങ്ങളിൽ പ്രാവീണ്യം ഉള്ളവരും യജ്ഞാനുഷ്ഠാനം ചെയ്യുന്നവരുമാണെന്ന് പറയുന്നു. ദിവസത്പ്ലുതിഭിർഭുവ ഭ്രമീഭി സമ വിചേതു കാമാ ബലിസത്മ തുരംഗമാ പ്രവേഷ്ടു ധരണീം യത്ര വിദാരയന്തി പാദൈഃ ഗിരികളും ആനകളും ചുറ്റും സമുദ്രവും താമരകളും രത്നം പതിച്ച വീടുകളും കുളമ്പടിയാൽ മണ്ണ് പരത്തുന്ന വേഗതയുള്ളകുതിരകളും , സുന്ദരിമാരും ഉണ്ട്. രാജാവും പ്രജകളും സദ്സ്വഭാവികളാണ്.

രാജ്യം സമൃദ്ധമാണ്. സ്ത്രീകളെക്കുറിച്ച് പ്രത്യേകം പറയുന്നുഃ- അബലാ ഹരിരേകികാ നിജോരോർജനയാമാസ പൂരേതി പത്മജന്മാ അഭ്യജന്മനസാ യദാനതാംഗീരിതിശേതേ ഗുരുമാത്മജ സുജന്മാ.

മൂന്നാം അദ്ധ്യായം രാജാവിന്റെ വ്യക്തി നിഷ്ഠ ഗുണങ്ങളെ പറയുന്നു. ധൈര്യം, അറിവ്, തത്വ ജ്ഞാനം ഇവ എടുത്തുപറയുന്നു. നിരവധി രാജാക്കന്മാർ ചക്രവർത്തിയായ അദ്ദേഹത്തെ ആശ്രയിക്കയും സഹായം ചോദിക്കയും ചെയ്യുന്നു. രാജധാനിക്കകതത്ുംം പുറത്തും സ്ത്രീവിദ്യാഭ്യാസം നടപ്പാക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. രാമഭദ്രാംബയും മധുരവാണിയും കൂടാതെയും നിരവധി കവയിത്രികൾ സഭയിലുണ്ടായിരുന്നു.

നാലാം അദ്ധ്യായം രാജാവിന്റെ ദൈനന്ദിനചര്യകളാണ്. കുളി,ജപം, സൂര്യനമസ്കാരം പശുവിനെ വന്ദിക്കൽ, കമലവിലാസത്തിലേക്ക് മടക്കം, രാമചന്ദ്രവന്ദനം , ഹരിനാമോച്ചാരണം, നെറ്റിയിൽ പുണ്ഡ്രം വരക്കൽ, രാമനെ തൊഴുത് രാമായണവായന ഇതെല്ലാം പറയുന്നു. 5ആം അദ്ധ്യയം ആദ്യവും രാജവർണ്ണന ഉണ്ട്. ബാക്കി രാജസഭാവർണ്ണനം. കേരളത്തിലെ മലബാർതീരം , അംഗരാജ്യം(ബഗൽപൂർ, മോംഗിർ) , മഗധ,

കലിംഗം (ദ്രാവിഡദേശത്തിനു വടക്കും ഒറീസക്ക് തെക്കും ഉള്ള വടക്ക്ൻ സിർക്കാരുകൾ), മാളവം , ഗൌഡം, ആരത്തദേശം(പഞ്ചാബും സമീപദേശങ്ങളും) മുതലായി ഭാരതത്തിന്റെ പല ഭാഗങ്ങളിലേയും രാജപുരുഷന്മാർ രാജസഭ സന്ദർശിച്ചിരുന്നു. തത്വജ്ഞാനികളും വൈയ്യാകരണരും കവികളും ഗായകരും നൃത്തക്കാരികളും രാജാവിനാൽ സ്വീകരിക്കപ്പെട്ടിരുന്നു, പലരേയും രാജാവു തന്നെ പഠിപ്പിച്ചിരുന്നു. സൂര്യസ്തോത്രം വളരെ മനോഹരമാണ്. രാമായണം സംക്ഷിപ്തമായി പറയുന്ന രാമഭദ്രാംബ ഉത്തരരാമായണത്തിലെ സീതാപരിത്യാഗം പറയുന്നില്ല. രഘുനാഥന്റെ സംഗീതസുധാനിധി രഘുനാഥൻ സംഗീതജ്ഞനാണെന്നും ജയന്തസേന മുതലായ രാഗങ്ങളും രാമാനന്ദ മുതലായ താളങ്ങളും സ്വന്തമായി കണ്ടെത്തിയെന്നും സ്വന്തമായി രഘുനാഥവീണ ഉണ്ടാക്കിയെന്നും പറയുന്നു. സംഗീതമാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്. രഘുനാഥന്റെ പിതാവിന്റെ മന്ത്രിയായിരുന്ന ഗോവിന്ദദീക്ഷിതനും സാഹിത്യസുധയിൽ രാജാവ് രചിച്ച ഗ്രന്ഥനാമങ്ങൾ പറയുന്നുണ്ട്. പാരിജാതഹരണം, വാത്മീകിചരിതം, അച്യുതേന്ദ്രാഭ്യുദയം, ഗജേന്ദ്രമോക്ഷം, നളചരിതം , രുഗ്മിണീകൃഷ്ണ വിവാഹയക്ഷഗാനം ഇവ ഉൾപ്പെടുന്നു. രഘു

നാഥഭൂപാലീയവും അദ്ദേഹത്തിന്റെ കൃതിയാണ്.

6ആം അദ്ധ്യായം രഘുനാഥന്റെ വംശാവലിയാണ്.

1. തിമ്മ, ബയ്യാംബികദമ്പതികൾ
2. ചവ്വ(ചവ്വപ്പ) അഥവാ ശിവ മൂർത്ത്യാംബിക 1 (വിജയനഗരത്തിലെ അച്യുതദേവരായന്റെ ഭാര്യാസഹോദരി)
3. അച്യുത(അച്യുതപ്പ, മൂർത്ത്യാംബിക 2
4. രഘുനാഥനായകൻ

അച്യുതദേവരായനിൽ നിന്ന് ചവ്വക്ക് തഞ്ചാവൂർ സ്ത്രീധനമായി ലഭിച്ചു സാഹിത്യരത്നാകരകാവ്യത്തിൽ (യജ്ഞനാരായണന്റെ) അദ്ദേഹം അത് ബലം കൊണ്ട് നേടിയെന്നാണ് കാണുന്നത്. യജ്ഞനാരായണൻ രഘുനാഥന്റേയും അച്യുതന്റെയും മന്ത്രിയായ ഗോവിന്ദദീക്ഷിതന്റെ മകനാണ്. .ജനനത്തിനു മുമ്പും ജനനശേഷവും ഉള്ള ജാതകർമ്മാദികളും രഘുനാഥന്റെ അഭ്യുദയത്തിനായി ചെയ്ത കർമ്മങ്ങളും വിവരിക്കുന്നു. വിഷ്ണുപൂജ കൊണ്ട് ലഭിച്ചതിനാലാണ് രഘുനാഥനെന്ന് നാമകരണം ചെയ്തത്. 7 ആം അദ്ധ്യായം രഘുനാഥരാജകുമാരന്റെ സൌന്ദര്യം, പാണ്ഡ്യന്റേയും മറ്റ് രാജാക്കന്മാരുടേയും പുത്രിമാരുമായി വിവാഹം, യുവരാജാവായി

അഭിഷേകം , കർണ്ണാടക(വിജയനഗരം)ത്തെ മുഹമ്മദന്മാർ (ഗോൾക്കൊണ്ട, ബീജാപൂർ) ആക്രമിച്ചപ്പോൾ വെങ്കടരായൻ രഘുനാഥന്റെ സഹായം ചോദിച്ചത്, അച്ഛൻ അതിന് അനുവദിക്കാതിരുന്നത്, അവസാനം വെങ്കടരായന്റെ പരിശ്രമഫലമായി അനുവാദം കൊടുത്തത്, പെനുഗൊണ്ടക്കുള്ള മാർഗ്ഗമദ്ധ്യേ ചന്ദ്രഗിരിപുരിയിലൂടെ പോകുന്നത്,(ശ്രീരംഗപട്ടണത്തിന് അകലെയല്ലാതെ ശ്രാവണബെലഗോളക്കടുത്ത്) ബല്ലാലപുരത്തിലെ മുരശന്മാർ എതിർത്തത്, (മുരശുനാട് വടക്കൻ ആർക്കോട്ടിന്റെ വടക്കൻ ഭാഗവും അടുത്ത ജില്ലകളുമാണ്) രഘുനാഥൻ യുദ്ധം ജയിച്ചത്, തുണ്ഡീരത്തിലെ കൃഷ്ണപ്പനായിക്കിനെ സഹായിച്ചത് (ആ സമയത്ത് അദ്ദേഹം വെങ്കടദേവരായന്റെ തടവുകാരനായിരുന്നു). നന്ദിസൂചകമായി കൃഷ്ണപ്പൻ തന്റെ സഹോദരിയെ വിവാഹം കഴിച്ചു കൊടുത്തത്.

രഘുനാഥൻ അച്ഛനുള്ള കാലത്തുതന്നെ രാജാവായി അഭിഷിക്തനായെന്ന് യജ്ഞനാരായണന്റെ സാഹിത്യരത്നാകരം. ബലഭദ്രാംബ തന്ന വംശാവലിയിലുള്ളതിനേക്കാളും വിവരം മറ്റു ഗ്രന്ഥകാരന്മാർ തരുന്നുണ്ട്. അവരുടെ വംശാവലിപ്രകാരം-

1 കൃഷ്ണ

2 തിമ്മ, ബയ്യാംബിക

3. 4 മക്കൾ പെദ്ദചെവ്വ, ചിന്നചെവ്വ (1549-1572) , പെദ്ദമല്ല, ചിന്നമല്ല. ചിന്നചെവ്വക്ക് മൂർത്തിമാംബയിൽ

4 അച്യുതരായ (1614 വരെ) ഭാര്യ മൂർത്തിമാംബ. വെംപരാജ ചിന്നമല്ലയുടെ മകനാണ്. അദ്ദേഹത്തിന് ഭാര്യ ലക്ഷ്മണാംബ

5 അച്യുതരായന്റെ മകൻ രഘുനാഥൻ ഭാര്യ കലാവതി

7 വിജരാഘവനും രാമഭദ്രനും

ഭാരതസാരസംഗ്രഹത്തിൽ രഘുനാഥൻ തന്നെ മൂർത്തിമാംബാ ഗർഭശുക്തിസുക്താപലനിചയ ചേന്നടേവ്വാച്യുതനൃപാലപുത്രസജ്ജനസ്തോത്ര പാത്ര എന്ന് വിശേഷിപ്പിക്കുന്നു.

8ആം അദ്ധ്യായം കോലഗരാൽ (ചോളഗ) ഉപദ്ര വിക്കപ്പെട്ട ബ്രാഹ്മണർക്കും, പറങ്കികളാൽ ആക്ര മിക്കപ്പെട്ട നേപ്പാലരാജാവിനും സഹായം നൽകിയത് പറയുന്നു. നേപ്പാളത്തിലേക്ക് വഞ്ചി കൾ കൂട്ടിക്കെട്ടി കടക്കേണ്ട ദ്വീപം എന്ന് പറയു ന്നതിനാൽ അത് ഇപ്പോഴത്തെ നേപ്പാളല്ലെന്നും, ലങ്കയാവാമെന്നും പറയുന്നു. ഭാരതസംഗ്രഹ ത്തിൽ രഘുനാഥൻ തന്നെ നേപാലഭൂപാല സ്ഥാ പനാചാര്യ എന്ന് വിശേഷിപ്പിക്കുന്നു.

കർണ്ണാടകത്തിലെ വെങ്കടേശ്വരന്റെ പുത്രൻ ശ്രീരംഗരായനെ ജഗ്ഗരായനിൽ നിന്ന് അദ്ദേഹം സഹായിച്ചു. രഘുനാഥനെ ഭയന്ന് ചോലഗർ രഘുനാഥന്റെ ഭാര്യാസഹോദരനായ കൃഷ്ണ പ്പന്റെ സഹായം ചോദിച്ചു. ചോളഗൻ ആദ്യം ദ്വീപിലൊളിച്ചു, പിന്നീട് രഘുനാഥൻ പിടിച്ച് തടവിലിട്ടു. കൃഷ്ണപ്പൻ ഓടിപ്പോയി. വെങ്കടപതിയുടെ ബന്ധുവായിരുന്നു ജഗ്ഗരായൻ. അദ്ദേഹം രാമനെന്ന ചെറിയ കുട്ടി ഒഴികെ രാജ വംശത്തിലെ എല്ലാവരേയും വധിച്ചു. രാമനെ യാച്ചമനായകനെന്ന വിശ്വസ്തസേവകൻ എങ്ങ നെയോ രക്ഷിച്ചു. അദ്ദേഹം വെങ്കടഗിരിവംശ സ്ഥാപകനായി. (സാഹിത്യരത്നാകരം, രഘുനാ ഥവിലാസനാടകം).

1599ൽ കൃഷ്ണപ്പൻ ചിദംബരത്ത് ഉണ്ട്. അദ്ദേഹ ത്തിന്റെ തലസ്ഥാനം ഗിഞ്ചി വളരെ വലിയതായി രുന്നു. പോർച്ചുഗീസുകാർ ലിസ്ബനിൽ മാത്രമേ അതിലും വലിയ കോട്ട ഉള്ളൂ എന്നാണ് എഴുതി യിരിക്കുന്നത്.

9ആം അദ്ധ്യായം നേപാളരാജാവ് രഘുനാഥനെ സമീപിച്ച് തനിക്ക് സഹായം തരാമെന്ന വാഗ്ദാ നം ഓർമ്മിപ്പിച്ചു. ഇതനുസരിച്ച് പറങ്കികളെ രഘുനാഥൻ ഓടിച്ച് നേപ്പാളരാജാവിനെ അദ്ദേ ഹത്തിന്റെ രാജ്യത്ത് വീണ്ടും ഇരുത്തി. നേപ്പാളം

ലങ്കയിലെ ജാഫ്നയാണെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. പിന്നീട് രഘുനാഥൻ പടിഞ്ഞാറോട്ട് പാണ്ഡ്യ, തുണ്ഡീരരാജ്യങ്ങളിലേക്ക് നീങ്ങി. അവരെ തോപ്പൂരിൽ താമ്രപർണ്ണീതീരത്ത് വെച്ച് നേരിട്ടു. തോഹൂരെന്നാണ് ഇപ്പോഴത്തെ പേര്. കാവേരിയുടെ തെക്കേ കരയിൽ 2 മൈൽ അണക്കെട്ടിനു തെക്കായിട്ടാണ് ഇതിന്റെ സ്ഥാനം. അതിനെ ചോല ധരാമണ്ഡല നിഖില ഭോഗവിഭവ നിർജ്ജിതാഖണ്ഡല മെന്നാണ് ഭാരതസാരസംഗ്രഹത്തിൽ രഘുനാഥൻ തന്നെ വിശേഷിപ്പിക്കുന്നത്.

10ആം അദ്ധ്യായം പാണ്ഡ്യ. തുണ്ഡീര, രാജാക്കന്മാരെ രഘുനാഥൻ പരാജയപ്പെടുത്തിയത് പറയുന്നു. കർണ്ണാടകസംസ്ഥാനം കയ്യേറിയ ജഗ്ഗരായന്റെ യുദ്ധക്കളത്തിലെ മൃത്യുവിനു ശേഷം രാവില്ലവെങ്ക, മഹാരാജാ രായ, ദളവൈചെങ്ക, ശാകഭൂരു ഇവരെല്ലാം ഓടിപ്പോയി. തടവിലാക്കിയ പാണ്ഡ്യരാജാവിനെ ദയ തോന്നി രഘുനാഥൻ വിട്ടയച്ചു. തുണ്ഡീരരാജാവ് കൃഷ്ണപ്പൻ വീണ്ടും ഉപദ്രവമുണ്ടാക്കാനാരംഭിച്ചു. രഘുനാഥൻ തിരുവയ്യാരിലിരുന്ന് സൈന്യത്തെ അദ്ദേഹത്തിന്റെ നേർക്ക് അയച്ചു. സൈന്യം ഭുവനഗിരി പിടിച്ചു, മറ്റു കോട്ടകളും കീഴടക്കി. പരാജിതനായ കൃഷ്ണപ്പനെ രഘുനാ

ഥൻ തടവിലിട്ടു. ദളവൈ ചെങ്കനെന്ന നാമം വിജ യരാഘവനായകന്റെ രഘുനാഥാഭ്യുദയത്തിലും കാണുന്നുണ്ട്. പോർച്ചുഗീസ് രേഖകളിൽ കൃഷ്ണപ്പൻ തന്റെ അന്ധനായ അമ്മാമനെ തട വിലേക്കയച്ച് സൂത്രത്തിൽ രക്ഷപ്പെട്ടു എന്നാണ് പറയുന്നത്.

11ആം അദ്ധ്യായം രഘുനാഥനെ വരവേൽക്കാൻ തഞ്ചാപുരം അണിഞ്ഞൊരുങ്ങുന്നതോടെ ആരം ഭിക്കുന്നു. സ്ത്രീകൾ സുന്ദരമായ ചിത്രബന്ധ, ഗർഭ, ആശു രീതികളിൽ കവിതകളുണ്ടാക്കി പാട്ടും നൃത്തവും ചെയ്തു. പണ്ഡിതോചിത മായ രീതിയിൽ പ്രബന്ധങ്ങലെ പല ഭാഷകളിൽ ഭാഷ്യം ചമച്ച് വിശദീകരിച്ചു. അഷ്ടകങ്ങളെ 8 ഭാഷകളിൽ രചിച്ചു, കവികളുടേയും നാടകകൃ ത്തുക്കളുടേയും പ്രസിദ്ധകതികളെ വ്യാഖ്യാനി ച്ചു. കണാദ, പതഞ്ജലി മുതലായവരുടെ കൃതികളിലെ വിഷമം പിടിച്ച ഫിലോസഫികളെ പ്പോലും അവർ അനായാസേന പരിഹരിച്ചു. വീണ മുതലായ ഉപകരണങ്ങളിൽ പാട്ടുകൾ വിസ്തരിച്ചു. സംഗീതം, സാഹിത്യം , നാടകം ഇവകളാൽ വിജയശ്രീലാളിതനായി തിരിച്ചുവ ന്ന രാജാവിനെ അവർ ആനന്ദിപ്പിച്ചു. നല്ല പാച കക്കാരികളായ അവർ വിവിധഭാഷകളിൽ രാജാവിന്റെ വിജയത്തെ കുറിച്ച് വിവിധരസ

പൂർണ്ണമായി കവിതാവിഭവങ്ങൾ ഒരുക്കി. ഈ സ്ത്രീകളിൽ രാജകുടുംബാംഗങ്ങളും രാജസഭാംഗങ്ങളും പ്രജകളും എല്ലാം ഉണ്ടായിരുന്നു. 12ആം അദ്ധ്യായം തഞ്ചാവൂരിലെ സ്ത്രീകളുടെ ന്യൃത്തസംഗീതപ്രതിഭയെ പുകഴ്ത്തുന്നു. ജയമംഗല, സിംഹലളിത, മുതലായ അപൂർവ്വരാഗങ്ങളിൽ രതിലീല, തുരംഗലീല, രംഗാഭരണ, അനംഗപരിക്രമണ മുതലായ അപൂർവ്വതാളങ്ങളിൽ അവർ പാടി നൃത്തം ചെയ്തു. രഘുനാഥവിലാസം എന്ന നൃത്തം വെച്ചു അതെല്ലാം ആസ്വദിച്ച് ആനന്ദിച്ചിരിക്കുന്ന രാജാവിന്റെ വർണ്ണനയോടെ കാവ്യം അവസാനിക്കുന്നു.

രണ്ടു കാര്യങ്ങളാൽ രഘുനാഥാഭ്യുദയം ശ്രദ്ധേയമാണ്. 1. രഘുനാഥന്റെ വ്യക്തിപരമായ കഴിവുകളും അദ്ദേഹത്തിന്റെ കാലത്തെ ചരിത്രസംഭവങ്ങളും കൃത്യമായി പറയുന്നു. സാഹിത്യരത്നാകരത്തിലും രഘുനാതഭൂപവിജയത്തിലും രഘുനാഥവിലാസനാടകത്തിലും രുഗ്മിണീകല്യാണത്തിലും കമലിനീകലാഹംസത്തിലും രത്നഖേതവിജയത്തിലും ശങ്കരാഭ്യുദയത്തിലും ആനന്ദരാഘവത്തിലും കാവ്യദർപ്പണത്തിലും (രാജചൂഢാമണിദീക്ഷിതന്റെ) ഹരിവംശസാരചരിതത്തിലും സാഹിത്യസുധയിലും സംഗീതസുധയിലും മഹാഭാരതസംഗ്രഹത്തിലും

രാമായണസാരസംഗ്രഹത്തിലും , പാരിജാത ഹരണനാടകത്തിലും (കുമാര താത്താചാര്യ) ആത്മപരീക്ഷയിലും (ഭാസ്കരദീക്ഷിത) പറയുന്ന ചരിത്രത്തോട് ഈ ഗ്രന്ഥത്തിലുള്ള ചരിത്രം ഒത്തുപോകുന്നതിനാൽ ചരിത്രം ശരിയാണെന്ന് ഉറപ്പിച്ച് പറയാനാവും.

പ്രൌഢശ്രീരഘുനാഥഭൂപതികൃപാ സ്ഫാരീഭവത് സാഹിതീസാമ്രാജ്യോ നിഗമാഗമാർത്ഥനിപുണ ശ്രീയജ്ഞനാരായണ എന്ന് കീർത്തി കേട്ട യജ്ഞനാരായണൻ രഘുനാഥനെക്കുറിച്ച്ഃ-

ജലനിധിഗർഭവാസവശനിർഭരദർപ്പരിപു-
പ്രതിഹതിഹേതുകൃതിനൂതനദാശരഥേ
കവിബുധഗായകാഭിമതകൽപ്പന കൽപ്പതരോ
ജയ കരുണാ സനാഥ രഘുനാഥ ജനാധിപതേ

എന്നാണ് എഴുതിയിരിക്കുന്നത്.

തഞ്ചാവൂരിന്റെ ചരിത്രം യഥാതഥമായി രേഖപ്പെടുത്തിയ ഈ ഗ്രന്ഥത്തിലാണ് രഘുനാഥന്റെ ചരിത്രം കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നത്. തരസ്വതിമഹാൾ ലൈബ്രറിയിലാണ് യജ്ഞനാരായണന്റെ ഈ ഗ്രന്ഥം ഉള്ളത്. അഡയാർ ലൈബ്രറിയിലെ ഗ്രന്ഥകാരഇൻഡക്സിലും ഇതിന്റെ പേരുണ്ട്. ശ്രീരംഗം വാണീവിലാസ് പ്രസ്സിൽ പ്രസിദ്ധപ്പെടുത്തിയ പതിപ്പിൽ ധീരശ്രീചിനചവ്വ്യയാചുദ്യുതധരാഘൌരേയ

ഭാഗ്യോന്നതൌ രാജ്യം ശ്രീരഘുനാഥനായകവി ഭൌ രാജ്യേത് സഹസ്രം സമാ. എന്ന് കാണാം.

ശ്രീനിവാസദീക്ഷിതരുടെ പത്നിയും രാജചൂഡാ മണിദീക്ഷിതരുടെ അമ്മയുമായ വിദുഷിയായ രത്നഖേത നിരവധി സുന്ദരകവിതകൾ രചി ച്ചിരുന്നു. അവർ സഭയിലെ ചർച്ചകളിലും വാദ ങ്ങളിലും പങ്കെടുത്തിരുന്നതായി പറയപ്പെടുന്നു. ഒരിക്കൽ സഭയിലേക്ക് വൈകി വന്നതിന് കാര ണം ഭർത്താവ് തിരക്കിയപ്പോൾ അവർ പറഞ്ഞ മറുപടിഃ-വേണീഭൂതേഷു കേശേഷ്വസിതഫണി ധിയാ ദ്രഷ്ടുമാഗത്യ കേകീ പശ്ചാദാരഭ്യ യോങ് പ്രതിശിഖിനി മനസാ തേഷു വിസ്രംശ്രിതേഷു ഭൂയോ ധമ്മിലിതേഷു പ്രകട ധനധിയാ നർത്തനായോജ്ജജ്യംഭേ തൻനൃത്താലോകനാൻമേ പ്രിയസഖ സമഭൂന്മണ്ഡനശ്രീവിലംബ എന്നാണത്രേ. ഭർത്താവിനെ പ്രശംസിച്ച് അവരെഴുതിയ കവിതഃ

വിപശ്ചിതാമപശ്ചിമേ വിവാദകേലിനിശ്ചലേ
സപത്നജിത്യയത്നമേവ രത്നഖേടദീക്ഷിതേ
വൃഹസ്പതി ക്വ ജൽപ്പതി പ്രസർപ്പതി ക്വ
സർപ്പരാട് അസന്മസ്വചര ഷണ്മുഖ
സുദുർമ്മുഖശ്ചതുർമുഖഃ

2 രണ്ടാമതായി രഘുനാഥാഭ്യുദയം ശ്രദ്ധേയമാവുന്നത്, സാഹിത്യരംഗത്ത് സ്ത്രീയുടെ സംഭാവ

ന എന്ന നിലക്കുതന്നെയാണ്. സാഹിത്യസാമ്രാജ്യഭദ്രപീഠാരൂഢ എന്നത് വെറും ബിരുദമായിരുന്നില്ല. 8 ഭാഷകളിൽ കവിത എഴുതാനുള്ള കഴിവ് ഉണ്ടായിരുന്നു അവർക്ക്. ശതലേഖിനി എന്നും സമയലേഖിനി എന്നും കീർത്തി കേട്ടിരുന്നു. സംഗീതം, നൃത്തം, പാചകം ഇവയിലും വൈദഗ്ദ്ധ്യം നേടിയിരുന്നു. സ്ത്രീകൾക്ക് വളരെ പ്രാധാന്യം തന്റെ കൃതിയിൽ അവർ കൊടുക്കുന്നു. പ്രത്യേകിച്ചും അവസാനത്തെ രണ്ട് അദ്ധ്യായം സ്ത്രീകളുടെ പ്രശസ്തിയാണ്. ആദ്യത്തെ 6 അദ്ധ്യായം സ്ത്രീകളുടെ സൌന്ദര്യത്തിനാണെങ്കിൽ ബാക്കിയുള്ളവ അവരുടെ ധൈര്യം, യുദ്ധവീര്യം ഇവക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. ഗ്രന്ഥത്തിൽ രഘുനാഥരാജാവിനെ രാമനോടാണ് പലയിടത്തും താരതമ്യപ്പെടുത്തുന്നതെങ്കിലും , രാമനെപ്പോലെ സീതയോട് ഏകപത്നീവ്രതം പുലർത്താൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ലെന്നും സത്യസന്ധമായി സൂചിപ്പിക്കുന്നുണ്ട്. അച്യുതനും മൂർത്ത്യാംബികയും തപസ്സ് ചെയ്ത് രഘുനാതനെ പുത്രനായി ലഭിച്ചതിനെ കുറിച്ച്:- ഏവംവിധ നന്ദനമിന്ദുവക്ത്രേ ഭജേമഹി ശ്രീരമണാ പ്രസാദ്യ വിനാ തപോർഭിർവിവിധൈർജഗത്യാ ഭജന്തി കേ വാ സുതരൂപഭാഗ്യം എന്നാണ്. അപ്രകാരം

സാക്ഷാൽ രഘുനാഥനെ മകനായി കിട്ടി. പക്ഷേ, അധികശ്രിയമച്യുതേന്ദ്രസൂനു രഘുനാഥം

രഘുനാഥമേവ സാക്ഷാത് ഹൃദയേ കലയന്തി യേ മഹാന്ത, പരമാനന്ദഭരാത് ഏവ ധന്യാഃ എന്നതിനെ അന്വർത്ഥമാക്കാതെ കൃഷ്ണനെപ്പോലെ രാജാവ് പെരുമാറിയിരുന്നതായി സൂചിപ്പിക്കുന്നു.

വൃത്തത്തിന്റെ കാര്യത്തിലും ശ്രദ്ധ കാണിച്ചിട്ടുണ്ട്. ഭൂരിഭാഗം പദ്യങ്ങളും ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി ഇവയാണ്. മാലഭാരിണി എന്ന വൃത്തത്തിലും നിരവധി ശ്ലോകങ്ങളുണ്ട്. പഞ്ചചാമരം, പ്രബോധിതാ, മഞ്ജുഭാഷിണി ഇവയാണ് പിന്നെ ഉപയോഗിച്ചിട്ടുള്ള അപൂർവ്വവൃത്തങ്ങൾ. നിരവധി അലങ്കാരങ്ങളാൽ സമൃദ്ധമാണെങ്കിലും ഗംഗാദേവിയുടെ മധുരാവിജയം പോലെ ഇതിന്ന് ഒഴുക്കില്ല, ക്ലിഷ്ടമാണ്. സൂര്യസ്തോത്രം (4ആം അദ്ധ്യായം) വളരെ സുന്ദരമാണ്. . അതേ അദ്ധ്യായത്തിലെ രാമായണസംഗ്രഹം രഘുനാഥനെ സനതോഷിപ്പിക്കാനായി ചേർത്തതാണ്. അത് അസ്ഥാനത്താണ് ചേർത്തിരിക്കുന്നത്. രഘുനാഥൻ ശ്രീരാമഭക്തനായിരുന്നു.

തിരുമലാംബ

16ആം നൂറ്റാണ്ടിന്റെ ആദ്യത്തിലാണ് തിരുമലാം ബ ജീവിച്ചത്. കാളഹസ്തി ലിഖിതം അച്യുതരാ യൻ 1529ൽ കിരീടെ ധരിച്ചതായി പറയുന്നു. 1542 വരെ ഭരിച്ചു. തിരുമലാംബയുടെ കൃതി യിൽ അച്യുതദേവനാമ് രാജാവ്. അതിനാൽ എഡി 1529-1542 കാലത്താണ് രചന. വിദ്യാർത്ഥിനിയായിരുന്ന കാലത്ത് തിരുമലാം ബ രചിച്ച പദ്യങ്ങളിൽ ഒന്ന്, ഹംപി വിത്തല ക്ഷേത്രത്തിൽ , അച്യുതരായൻ സുവർണ്ണമേരു നിർമ്മിച്ചതിനെ ഓർമ്മിക്കാനായി സംരക്ഷിക്ക പ്പെട്ടിട്ടുണ്ട്. ഈ ലിഖിതത്തൽ ഒഡുവ തിരുമലാം ബ (വിദ്യാർത്ഥിനി തിരുമലാംബ) എന്നാണ് പേ രുള്ളത്.

ഗ്രന്ഥത്തിന്റെ അവസാനം താൻ രാജ്ഞിയാണെ ന്നല്ല, രാജാവിന്റെ പ്രേമസർവ്വസ്വവും വിശ്വാ സഭൂവുമാണെന്നാണ് തിരുമലാംബ പറയുന്നത്. സഭാംഗമോ, സുഹൃത്തോ വെപ്പാട്ടിയോ, രാജ്ഞിമാരിലൊരാളോ എന്ന് തീർത്തു പറയാ ൻ ആവില്ല. പട്ടമഹിഷിയല്ല, കാരണം അവരുടെ ഗ്രന്ഥങ്ങളിൽ വരദാംബികയാണ് പട്ടമഹിഷി എന്ന് പറയുന്നുണ്ട്. രാജനാഥദിണ്ഡിമാ കവി യുടെ അച്യുതരായാഭ്യുദയവും ഇത് സാക്ഷ്യ പ്പെടുത്തുന്നുണ്ട്. രാജാധിരാജാച്യുതരായപ്രേമസർവ്വസ്വവിശ്വാ സഭൂതാ എന്നത് ഭാര്യയാകാമെന്ന് അഭിപ്രായ യവും ഉണ്ട്. വരദാംബികാപരിണയചമ്പു വര

ദാംബികയാണ് പട്ടമഹിഷി എന്ന് കാണിക്കുന്നു. പട്ടാഭിഷേകമഹിഷീ പദമപ്യമുഷ്യൈ ദത്വാ എന്ന് വരദാംബികക്കാണ് ആ പദവി. തിരുമലാംബ സംഗീതജ്ഞയും വൈയ്യാകര ണയും ഭാഷാ, കലാദികളിൽ പ്രവീണയുമാണ്. അവർ കവികളേയും വിദ്വാന്മാരേയും പ്രചോ ദിപ്പിച്ചിരുന്നു. ക്ഷേത്രങ്ങള്ക്കും പുരോഹിതന്മാ ർക്കും വലിയ ദാനങ്ങൾ ചെയ്തിരുന്നു .രാജാ വിന്റെ പരിപൂർണ്ണവിശ്വാസവും ഉണ്ടായിരു ന്നു. ഇതിലുള്ള അഭിമാനം അവരുടെ വാക്കുക ളിലുണ്ട്.

ഇത്യേകവാരാകർണ്ണനമാത്ര ദൃഢാവധാരിത നവ്യകാവ്യ നാടകാലങ്കാരപുരാണാഗമ രഹസ്യസാരസ്യാനുബന്ധ സമിന്ധാന സ്വാഭാവികപ്രതിഭാനുഭാവയാ വിദ്യാവിസേഷ നിരവദ്യ വിദ്വദ്വര സകലകവികുലശ്രവണാനന്ദ ചിന്തിതാനന്താഭീഷ്ട ഫലാശ്രയണാ വിശ്വാസാൻ കാമഗവീഭവദശേഷഭാഷാവിഷയ സവിശേഷോ ന്മേഷചതുരിബി ഗർഭിത സരസപ്രബന്ധസന്ദർഭ യാ വിവിധവിദ്യാപ്രഗത്ഭ രാജാധിരാജാച്യുത രായസാർവ്വഭൌമ പ്രേമസർവ്വസ്വവിശ്വാസഭു വാ ധർമ്മനിർമ്മലഹൃദയയാ നിഖിലലിപി വിലേഖനനിയതവിതരണാ കൃതഹസ്ത ഹസ്താരവിന്ദയാ, വിരിഞ്ചചഞ്ചലനയനാ നഖാഞ്ചലസമുദഞ്ചിത വിപഞ്ചീ പ്രപഞ്ചിത പഞ്ചമമധുരിമോദഞ്ചനവികസ്വരകണ്ഠസ്വരയാ

വിപുലതലാതല വിഹാരവിനോദസാകാരാവ
തീർണ്ണ ശതപർണ്ണാസന വരവർണ്ണിനീ സതിനി
ർണ്ണായികയാ
നാനാദേശപ്രതിഷ്ഠിതാനേകവിരചിതവാജപേ
യ പൌണ്ഡരീകസർവ്വതോമുഖ മഹാദ്ധ്വര
ദ്വിജവര വിതീര്യമാണാശീർവിശേഷ
പരിപോഷിതഭാഗ്യസൌഭാഗ്യയാ,
നിയതരക്ഷിത കവികുടുംബയാ
തിരുമലാംബയാ നിർമ്മിതം വരദാംബികാ
പരിണയന്നാമ ചമ്പൂകാവ്യം ആചന്ദ്രതാരകം
അഭിവർദ്ധതാം .

വരദാംബികാപരിണയം വളരെ നല്ലതെന്ന്
പ്രസിദ്ധമായ ചമ്പൂകാവ്യമാണ്. ഇത് ചരിത്ര
പരമായും ഭൂമിശാസ്ത്രപരമായും പ്രധാനമായ
കാവ്യമാണ്. കാവ്യഭംഗിയിലും മുന്നിട്ടുനി
ൽക്കുന്നുണ്ട്. അച്യുതരായന്റെ വംശാവലി
കൃത്യമായി തരുന്നുണ്ട്.

ചന്ദ്രൻ, ബുധൻ, പുരൂരവസ്സും ഉർവ്വശിയും,
ആയുസ്സ്, നഹുഷൻ, യയാതി, തുർവ്വശു. തുർവ്വ
ശുവംശത്തിലാണ് തിമ്യും പത്നി ദേവകിയും.
അവരുടെ വംശാവലിഃ-

1. തിമ്മ ദേവകി
2. ഈശ്വരൻ - ബുക്കമാംബ
3. നൃസിംഹ- ഒംബമാംബ . സപത്നിമാരായി തിപ്പാംബ (വീരനാരായണസിംഹന്റെ അമ്മ) നാഗമാംബ (കൃഷ്ണദേവരായരുടെ അമ്മ,

തിരുമലയുടെ മുത്തശ്ശി) തിരുമലാംബ (കൃഷ്ണ, പെദ്ദതിമ്മ ഇവരുടെ മുതുമുത്തശ്ശി)

4. അച്യുതരായ - വരദാംബിക
5. വെങ്കടാദ്രി

ഇത് മൂന്നാം വിജയനഗരവംശത്തിന്റെ വംശാവലിയാണ്. ബുക്ക 1 ആണ് വിജയനഗരം സ്ഥാപിച്ചത്. മാധവാചാര്യനെന്ന മന്ത്രിയുടെ സഹായത്തോടെയാണിത്. മാധവാചാര്യനെ വിദ്യാരണ്യനെന്നാണ് അറിയുന്നത്. കാലമാധവം, ജൈമിനീയന്യായമാല ഇവ അദ്ദേഹം രചിച്ചിട്ടുണ്ട്. അച്യുതരായന്റെ പിതാവായ നൃസിംഹൻ ചോളരെ അടക്കം എല്ലാ രാജാക്കന്മാരേയും കീഴടക്കി. ചോളനെ തടവിലിട്ടു. പിന്നീട് ചോളൻ രക്ഷപ്പെട്ട് കടൽപ്പുറത്തേക്ക് രക്ഷപ്പെട്ടു. വേറെ ചില ഗ്രന്ഥങ്ങളിൽ ചോളനെ നരസൻ വധിച്ചതായി പറയുന്നു. മധുരയിലെ രാജാവ് യുദ്ധത്തിനൊരുങ്ങാതെ കീഴടങ്ങി എന്നത് , രാജനാഥന്റെ അച്യുതരായാഭ്യുദയത്തിൽ അപ്രകാരമല്ല പറയുന്നത്. കംസ യഥാ കൈടഭജിഹ്വലേന സമന്വിത സൈനികമല്ലഹന്താ മദപ്രവൃത്തം മരവ മഥിത്വാ മഹീമഹീന്ദ്രോ മധുരാമഹാർഷീത്.
മഹേന്ദ്രലോകം മരവായ ദത്വാ മദ്ധ്യേസമൌക മധുരാ സ ജഹ്വേ

പിന്നീട് ശ്രീരംഗപട്ടണം ആക്രമിച്ച് ദുമക്കൂർ, തരസംഗി കോട്ടകൾ പിടിച്ചു. ഹൈദരബാദിലെ

സുൽത്താൻ (യൂസഫ് അദിൽ ഷാ) കീഴടങ്ങിയപ്പോൾ അദ്ദേഹത്തിന് നരസ രാജ്യം തിരിച്ചുകൊടുത്തു. നരസ വിവാഹം കഴിച്ചത് രുചിരാജന്റെയും ശ്രീരാമാംബികയുടേയും മകളായ ഒബമാംബയെയാണ്. അതിനുമ ുമ്പുള്ള 2 ഭാര്യമാരെ (തിപ്പാംബ, നാഗമാംബ) ഈ പുസ്തകത്തിൽ പറയുന്നില്ല. ഒബമാംബയുടെ മകനാണ് അച്യുതരായൻ. ഭാര്യ മന്ത്രി തിമ്മരാജന്റെ അനുജത്തി വരദാംബികയെ വിവാഹം ചെയ്തു. മകൻ ചിന്നവെങ്കടാദ്രിയുടെ പഠിപ്പിൽ സന്തുഷ്ടനായ അച്യുതരായൻ അദ്ദേഹത്തെ യുവരാജാവാക്കി സിംഹാസനത്തിലിരുത്തി. വെങ്കടാദ്രി അഥവാ തിരുപ്പതിക്ക് ആയുസ്സും ആരോഗ്യവും അവർക്കെല്ലാം ആനന്ദവും പ്രാർത്ഥിച്ചുകൊണ്ട് വരദാംബികാപരിണയചമ്പു അവസാനിക്കുന്നു. വിജയനഗരം (വിദ്യാപുരീ വീരവര സ്വധാമ്നാ വ്യദ്ധ്യോതത വ്യാപ്തജഗത്രയീക), തുണ്ഡ്ധദേശം , ചോളപുരം , രാമസേതു, കാവേരിനദി (കവേരജായാ കലിതോരുഭോഗാൻ ദൃഷ്ട്വാ പുരോ ദക്ഷിണകൂലഭോഗാൻ വരൂഥിനീ വത്മപരിശ്രമാർത്താം നിവേശയാമാസ നൃപാലസിംഹഃ) ശ്രീരംഗപട്ടണം ഇവയുടെ വിവരണം വഴി 16ആം നൂറ്റാണ്ടിലെ ദക്ഷിണേന്ത്യയുടെ ചിത്രം കാവ്യം വരച്ചുകാട്ടുന്നു.

വരദാംബികാപരിണയ ചമ്പു ദീർഘങ്ങളായ വാക്യങ്ങളുള്ളതാണ്. ചിലപ്പോൾ നിരവധി

പേജുകളാണ് ഒറ്റ വാക്യം. ഓജസ്സ് കൂട്ടുമെങ്കിലും ഇത് മാധുര്യവും ലാളിത്യവും കുറക്കുന്നുണ്ട്. ദണ്ഡിയുടെ കാവ്യാദർശപ്രകാരം- ഓജ സമാസഭൂയസ്ത്വമേതദ് ഗദ്യസ്യ ജീവിതം.

അച്യുതരായൻ നവവധുവിനെ രാജധാനിയിലേക്ക് കൊണ്ടുവരുന്നത് ലളിതമായി വിവരിച്ചിട്ടുണ്ട്. പ്രവിശ്യ തസ്മിൻ പ്രമനാ നൃപാല-സ്താ രാജകന്യാ വിധിനോപയമ്യ ശ്രിയം പയോധേരിവ ശേഷശായീ സമാനയത്താ സദന സ്വകീയം. രാജാവ് പത്നിയുമൊത്ത് ആനന്ദിച്ചിരിക്കുന്നത്ഃ പട്ടാഭിഷേകമഹിഷീപദമപ്യമുഷ്യൈ ദത്വാധികപ്രണയദർശിത കൌതുകശ്രീ ക്ഷോണീപതി സഹ തയാനുഭവത് സമസ്താൻ വിഖ്യാതരാഗ സുഭഗാൻ വിഷയോപഭോഗാൻ.

അതുപോലെ വസന്തകാലത്തെ സ്ത്രീകളുടെ ആനന്ദവും ലളിതമായി എഴുതിയിട്ടുണ്ട്. ആരാമകാമാസ്ത്രനികേതനേസ്മിൻ അസ്മാസു സർവ്വായുധഹാരിണീഷു ചൂതാംങ്കുര തസ്യ പികാ പ്രിയാസ്ത്രം ചഞ്ചൌ നിധായേന സമുച്ചലന്തി.

നവവധുവായ രാജ്ഞി, ഏവവിധൈർനർമ്മ വചോവിലാസൈ സഖീജനസ്യ ശ്രവണാതിയേയൈ

അജ്ഞാതപുഷ്പാവചയ പ്രയാസാ
ദേവീ തദാ കമ്ര ഗതൈരചാരീത്.

പലപ്പോഴും തിരുമലാംബയുടെ ഉയർന്ന കാവ്യ സങ്കൽപ്പം ശാശ്വതമായ ഒരു അടയാളം സൃഷ്ടിക്കുന്നു. സായന്തനവിവരണം ഗംഭീരമാണ്. ആകാശപാത്രത്തിന്റെ ചുവന്ന കല്ലു വെച്ച അടപ്പിനെ ശിശുവായ ചന്ദ്രൻ തുറന്നതിനോടാണ് അസ്തമയസൂര്യനെ ഉപമിക്കുന്നത്.

അരവിന്ദബന്ധു കുരുവിന്ദപിധാനേ
ചപലേന ബാലശശിനാ വ്യപനീതേ
ധ്യസ്യണാം വിയന്മഥന നീലകരണ്ഡാദു-
ഗലിതം യഥാ ഘനമദൃശ്യത സന്ധ്യാ

നാരായണന്റെ സഹചരനെപ്പോലെ സൂര്യൻ, സൌന്ദര്യലക്ഷ്മിയെ തന്റെ പത്മഗൃഹം വിട്ട് ക്ഷീരോദധിയിലെ വിഷ്ണുലോകത്തിലേക്ക് ആനയിക്കുകയാണ്.

സാഗരോദരശയസ്യ മുരാരേ കഞ്ചുകീയ
വിലസത്കര ദണ്ഡ ഇന്ദിരാ
ദ്രുമശിരംബുജഗേഹാദാത്മനൈവ സഹ
നൂനമനൈഷീത്

സൂര്യാസ്തമയത്തിൽ താമര കൂമ്പുന്നു. ഇതിനെ സൂര്യൻ ലക്ഷ്മിയുടെ സൌന്ദര്യത്തെ സ്വഗൃഹത്തിൽനിന്ന് ആനയിച്ച്, വിഷ്ണുലോകത്തേക്ക് നയിക്കുന്ന സങ്കൽപ്പം നൂതനമാണ്. വാക്കുകളുടെ ഗാംഭീര്യം ലാളിത്യം കുറക്കുമെന്നാലും

ഇത്തരം മനോഹരസങ്കൽപ്പങ്ങൾ അവയുടെ ഭംഗി കൂട്ടുകയും ചെയ്യുന്നു.

അലങ്കാരം, അനുപ്രാസം, യമകം അർത്ഥാന്തര ന്യാസം പരിസംഖ്യാനം വിരോധം, ശ്ലേഷം സഹോക്തി, സ്വഭാവോക്തി ഇവകളാലും നിരവധി നിത്യനൂതനങ്ങളായ ഉപമകളാലും കാവ്യം സമൃദ്ധമാണ്. ദ്രുതവിളംബിതം, രഥോ ദ്ധത, ശാലിനി, സ്വാഗത, ഔപച്ഛന്ദസിക, വംശ സ്ഥ, കളഹംസ, മഞ്ജുഭാഷിണി, പ്രഹർഷിണി, പൃഥ്വി, നർക്കുടകം, മാലിനി, ശിഖരിണി, വിയോഗിനി, ഹരിണപ്ലുത മുതലായ വൃത്തങ്ങ ൾ തിരുമലാംബ ഉപയോഗിച്ചിട്ടുണ്ട്.

ഈ പറഞ്ഞവരിൽ ദേവകുമാരിക ഒഴികെ എല്ലാവരും (ഗംഗാദേവി, ലക്ഷ്മീരാജ്ഞി, മധുരവാണി, തിരുമലാംബ, രാമഭദ്രാംബ) തെക്കെ ഇന്ത്യക്കാരാണ്. വിജയനഗരം, തഞ്ചാ വൂരിലെ നായകരാജാക്കന്മാർ, കടത്തനാട്ട് മുതലായവരെല്ലാം വിദ്യാഭ്യാസത്തിൽ സ്ത്രീ കളെ പോഷിപ്പിച്ചവരാണ്. ഇവരിൽ വെച്ച് ഏറ്റവും പഴമ ഗംഗാദേവിക്കും പുതുമ ലക്ഷ്മീ റാണിക്കുമാണ്. മധുരവാണിയും രാമഭദ്രാംബ യും സമകാലീനരാണ്. രഘുനാഥഭൂപന്റെ പിതാ വിന്റെ സഹോദരീഭർത്താവായ അച്യുതരായ ന്റെ കാലത്തെ തിരുമലാംബ അവരുടെ സീനിയ റാണ്. ഇവർ തമ്മിൽ 75 വർഷത്തെ വ്യത്യാസ മുണ്ട്.

മേവാറിലെ രാജവംശം

(വിക്രമസംവത് 1987ലെ ഭൂപാലസിംഹൻ വരെ ഉള്ള വംശാവലി തരുന്നു)

1. ഗുഹില(ഗുഹദത്ത)
2. ഭോജ
3. മഹേന്ദ്ര 1
4. നാഗ(നാഗാദിത്യ)
5. ശിലാദിത്യ(ശീല) വിക്രമസംവത് 706അപരാജിത വി.സം 718
6. മഹേന്ദ്ര 2
7. കാലഭോജ (ബാപ്പ) വി സം 791- 810
8. ഖുമ്മാന വി സം 810
9. മത്തത
10. ഭർതൃഭട്ട(ഭർതൃപട്ട)
11. സിംഹ
12. ഖുമ്മന 2
13. മഹായക
14. ഖുമ്മന 3
15. ഭർതൃഭട്ട 2 വിസം 999-1000
16. അള്ളട വി സം 1008-1010
17. നരവാഹന വി സം 1028
18. ശാലിവാഹന
19. ശക്തികുമാര വി സം 1034
20. അംബാപ്രസാദ
21. ശുചിവർമ്മൻ

22. **നരവർമ്മൻ**
23. **കീർത്തിവർമ്മൻ**
24. **യോഗരാജൻടവൈരതൻ**
25. **ഹംസപാലൻ**
26. **വൈരിസിംഹൻ**
27. **വിജയസിംഹൻ വി സം 1164- 1173**
28. **അരിസിംഹൻ**
29. **ചോഡസിംഹൻ**
30. **വിക്രമസിംഹൻ**
31. **രണസിംഹൻ (കർണ്ണസിംഹൻ)**
32. **2 മക്കൾ രണ്ട് ശാഖയായി പിരിഞ്ഞു .**

മേവാറിലെ റാവൽ, സിസോദിയ ശാഖ

റാവൽ ശാഖ
33 ക്ഷേമസിംഹ
34സന്താനസിംഹ കുമാരസിംഹ
35 മത്തനസിംഹ
36 പത്മസിംഹ
37 ജൈത്രസിംഹ
വി സം 1270-1309
38 തേജസിംഹ
വി സം 1317-24
39 സമരസിംഹ1330-58
40 രത്നസിംഹ 1359-60
കുമാരസിംഹശാഖയെ ദുംഗർ പൂർ ശാഖ എന്നാണ് വിളി ക്കുന്നത്.

ശിശോദിയ ശാഖ
മഹപ രാഹപ
നരപതി
ദിവകര
യശകർണ്ണ
നാഗപാല
പൂർണ്ണപാല
പൃഥ്വീമല്ല
ഭുവനസിംഹ
ഭീമസിംഹ
ജയസിംഹ
41 ലക്ഷ്മണസിംഹ വി സം 1360
42 അരിസിംഹനും അജയസിംഹനും
43 ഹമ്മീരസിംഹൻ 1333-1421
44 ക്ഷേത്രസിംഹ 1421-1439
45ലക്ഷസിംഹ 1439-1478

46 മോക്കല 1478-1490
47 കുംഭകർണ്ണ 1490-1525
48 ഉദയസിംഹ 1525-1530
49 രായമല്ല 1530-1566
50 സംഗ്രാമസിംഹ 1566-84
51 രത്നസിംഹ 2 1584-88
52 വിക്രമാദിത്യ 1588-83
53 വനവീര 1593-94
54 ഉദയസിംഹ 2 1594-1628
55 പ്രതാപസിംഹ 1628-53
56 അമരസിംഹ 1653-76
57 കർണ്ണസിംഹ 1676-84
58 ജഗത്സിംഹ 1684-1709
59 രാജസിംഹ 1709-1737
60 ജയസിംഹ 1737-55
6163 ജഗത്സിംഹ 2 1790-1808
64 പ്രതാപസിംഹ 2 1808-10
65 രാജസിംഹ 2 1810-17

66 അരിസിംഹ 2 1817-29
67 ഹമ്മീരസിംഹ 2 1829-34
68 ഭീമസിംഹ 1834-85
69 ജവാനസിംഹ 1885-95
70 സർദാരസിംഹ 1895-99
71 സരൂപസിംഹ 1899-1918
72 ശംഭുസിംഹ 1918-1941
73 സജ്ജനസിംഹ 1831- 41
74 ഫത്താസിംഹ 1941-87
75 ഭൂപാലസിംഹ 1987ൽ കിരീടം ധരിച്ചു.